# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 40 ലക്കം മെയ് 2022 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്



പരിശുദ്ധാത്മാവായ ദൈവത്തിന്റെ
ആവാസത്താൽ ദൈവപുത്രന്റെ മാതാവായിത്തീരുകയും
പരിശുദ്ധ ത്രിത്വത്തിന്റെ സിംഹാസനമായി ഈ ലോകത്തിൽ
പരിശോഭിക്കുകയും ചെയ്ത പരിശുദ്ധ മറിയമേ,
നിന്നോടു ചേർന്ന് നിരന്തരം ദൈവസ്തുതികളാലപിക്കുവാൻ
തക്കവിധം ബലഹീനരായ ഞങ്ങളുടെ അധരങ്ങൾ
പവിത്രീകരിക്കപ്പെടുവാനും ഹൃദയങ്ങൾ ജ്വലിക്കപ്പെടുവാനും
ഞങ്ങൾക്കായി പ്രാർത്ഥിക്കണേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 40 ശ്ലീഹാ ലക്കം മെയ് 2022

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

## ഉള്ളടക്കം


- ക്രൈസ്തവജീവിതം: പ്രത്യാശയുടെ ജീവിതം 05
- കാറ്റാടിമലയിലെ ദേവസഹായം 07
- ശാന്തിതീരം 09
- സ്നേഹപ്രണാമം 11
- നമുക്കും വിശുദ്ധരാകാം 13
- അഡ്ജസ്റ്റ്മെന്റ് ഇല്ലാതെ 17
- സെനക്കിൾ തരംഗം 19
- സംവാദവും സൗഹൃദവും 20
- സാംസൺ 22
- ജനിക്കട്ടെ വീണ്ടും 25
- അക്കരപ്പച്ച 26
- ആദ്യരുചി 28
- അമ്മയോടൊപ്പം 30



രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**ഫ്ളവറി ചോതിരക്കുന്നേൽ A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**ജിസ കൂട്ടിയാനിക്കൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**



വാർഷിക വരിസംഖ്യ ₹100/-

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

എഡിറ്റോറിയൽ

# ആത്മാവിന്റെ ഫലങ്ങൾ

ഉത്ഥാനശേഷം ഭയചകിതരായിരുന്ന ശ്ലീഹന്മാരെ സുവിശേഷപ്രഘോഷണത്തിനായി ധൈര്യപ്പെടുത്തി അയച്ചതു പരിശുദ്ധാത്മാവാണ്. യഹൂദരെ ഭയന്നു കതകടച്ചിരുന്നവർ പരിശുദ്ധാത്മാവിന്റെ ആവാസംവഴി ആത്മധൈര്യമുള്ളവരായി എന്ന് ശ്ലീഹന്മാരുടെ പ്രവർത്തനശൈലി തെളിയിക്കുന്നു. തള്ളിപ്പറഞ്ഞവനും ഓടിയൊളിച്ചവനും അവന്റെ നാമം പേറുന്നവരെ ഇല്ലാതാക്കാൻ ഇറങ്ങിത്തിരിച്ചവനുമൊക്കെ ഒടുവിൽ ആ നാമത്തിന്റെ മഹത്ത്വത്തിനുവേണ്ടി മരണം വരിക്കാൻ തയ്യാറായി എന്നത് ആത്മാവിന്റെ പ്രവർത്തനഫലമല്ലാതെ മറ്റെന്താണ്?

മാമ്മോദീസായിലൂടെയും തൈലാഭിഷേകത്തിലൂടെയും പരിശുദ്ധ കുർബാനയിലൂടെയും പരിശുദ്ധാത്മാവാകുന്ന അഗ്നി നമ്മിലും വന്നു നിറയുന്നുണ്ട്. ഈ അഗ്നി അണയാതെ ആളിക്കത്തിക്കുക മാത്രമാണു നമ്മുടെ ദൗത്യം. അവിടുത്തെ ദാനങ്ങളും വരങ്ങളും അവിടുന്ന് നമ്മിൽ ആവോളം ചൊരിയുന്നുണ്ട്. താലന്തുകൾ നൽകുന്നതു സൂക്ഷിച്ചുവയ്ക്കാനല്ല; വളർത്തി ഫലമുളവാക്കാനാണെന്ന് ഈശോ വ്യക്തമാക്കിയിട്ടുണ്ടല്ലോ.

ഇന്നുവരെ പരിശുദ്ധാത്മാവു നമ്മുടെ ജീവിതത്തിൽ വന്നു നിറഞ്ഞതിന്റെ ഫലങ്ങൾ എന്തായിരുന്നുവെന്നു നമുക്കു വിലയിരുത്താം. ധ്യാനനിർവൃതിയിൽ ലയിക്കുന്നതും വിവിധ ഭാഷകൾ ഉപയോഗിച്ചു പ്രാർത്ഥിക്കാനാവുന്നതും മാത്രമല്ല പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ. അവ ജീവിതത്തിൽ നിറയുന്ന സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, സൗമ്യത മുതലായവയാണ്. ഈ ഫലങ്ങളൊക്കെ നമ്മുടെ ജീവിതത്തിൽ എത്രമാത്രം നിറഞ്ഞുനിൽക്കുന്നുവോ അത്രമാത്രം പരിശുദ്ധാത്മാവാകുന്ന ദാനത്തോടു നാം സഹകരിച്ചിട്ടുണ്ട്.

നമ്മിൽ മാത്രം നിറയേണ്ടതല്ല ഈ ദാനങ്ങൾ. നമ്മുടെ ചുറ്റുമുള്ളവർക്കും ഈ ഫലങ്ങൾ പുറപ്പെടുവിക്കാനാവുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് നമ്മുടെ കടമയാണ്. അല്ലെങ്കിൽ നാം ക്രിസ്ത്യാനികളാണെന്നു പറയുന്നതിൽ കാര്യമില്ല. മറ്റുള്ളവരുടെ കുറവുകളെ നോക്കി പരിഹസിക്കുകയോ പരിതപിക്കുകയോ ചെയ്തതുകൊണ്ടായില്ല, അവരുടെ കുറവുകൾ നമ്മുടെ നിറവുകളാൽ നികത്തപ്പെടണം.

സ്നേഹക്കുറവുള്ളവരോടു നാം കൂടുതൽ സ്നേഹം കാണിക്കുമ്പോൾ, ദയയില്ലാത്തവരോടു കരുണ കാണിക്കുമ്പോൾ, നമ്മോട് അവിശ്വസ്തരായവരോടു പോലും നാം വിശ്വസ്തതയോടെ പെരുമാറുമ്പോൾ നാമും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു എന്നുറപ്പിക്കാം.

അവസാനിക്കാത്ത യുദ്ധങ്ങളും സ്വന്തം സഹോദരന്റെ ജീവനെടുക്കുന്നവരുമൊക്കെ ആത്മാവിന്റെ ഫലങ്ങളാൽ ലോകം ഇനിയും നിറഞ്ഞിട്ടില്ല എന്നതിനു തെളിവാണ്. ആത്മാവിന്റെ ഫലങ്ങൾ ആഴത്തിൽ നമ്മുടെ ഹൃദയത്തിൽ നിറയാനും അതു മറ്റുള്ളവരിലേക്ക് ഒഴുക്കാനും ഈ ശ്ലീഹാക്കാലം നമ്മെ സഹായിക്കട്ടെ.

ചീഫ് എഡിറ്റർ

സെനക്കിൾ ആദ്ധ്യാത്മികത - 78

# ക്രൈസ്തവജീവിതം പ്രത്യാശയുടെ ജീവിതം

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ



**നി**ഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിൽ നാം ഇപ്രകാരം ഏറ്റുപറയുന്നു: “അവിടുന്നു സ്വർഗത്തിലേക്കെഴുന്നള്ളി പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു. മരിച്ചവരെയും ജീവിക്കുന്നവരെയും വിധിക്കുവാൻ അവിടുന്നു വീണ്ടും വരാനിരിക്കുന്നു”. മിശിഹായുടെ സ്വർഗാരോഹണത്തെ അടിസ്ഥാനമാക്കിയുള്ള ഒരു വിശ്വാസപ്രഖ്യാപനമാണിത്. വി. ലൂക്കായുടെ സുവിശേഷത്തിലും ശ്ലീഹന്മാരുടെ നടപടിയിലുമാണ് മിശിഹായുടെ സ്വർഗാരോഹണത്തിന്റെ വിവരണം നമുക്കു ലഭിക്കുന്നത്. അതേസമയം പല പുതിയനിയമഗ്രന്ഥങ്ങളിലും ഈശോയുടെ സ്വർഗാരോഹണത്തെപ്പറ്റി പരാമർശങ്ങളുണ്ട് (എഫേ 4,10; 1 തിമോ 3,16; യോഹ 3,13; 6,62; 14,3-4; 16,5-7; 20,17).

## ശ്ലീഹന്മാർ സ്വർഗാരോഹണ സാക്ഷികൾ

ഉത്ഥിതനായ ഈശോയെ ശിഷ്യന്മാർ അവസാനമായി കാണുന്നത് അവിടുത്തെ സ്വർഗാരോഹണവേളയിലാണ്. കാർമേഘങ്ങളാൽ വഹിക്കപ്പെട്ട അവിടുന്ന് അവരുടെ ദൃഷ്ടിയിൽനിന്ന് അപ്രത്യക്ഷനായി എന്നാണ് ലൂക്കാസുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത്. നാലു സുവി

ശേഷങ്ങളിൽ ഒന്നിലും ഈശോയുടെ ഉത്ഥാനം എങ്ങനെ നടന്നു എന്ന് വിവരിച്ചിട്ടില്ലെങ്കിലും ലൂക്കാസുവിശേഷത്തിലും ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളിലും അവിടുത്തെ സ്വർഗാരോഹണം എങ്ങനെയായിരുന്നു എന്നു വിവരിച്ചിട്ടുണ്ട്. ശ്ലീഹന്മാർ അവിടുത്തെ സ്വർഗാരോഹണത്തിന്റെ ദൃക്സാക്ഷികളായിത്തീരുന്നതാണ് വി. ലൂക്കാ രേഖപ്പെടുത്തിയിരിക്കുന്നത്. കാർമേഘം പഴയ നിയമത്തിൽ ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമാണ് (പുറ 16,10; 19,9; 24,15-18).

### മിശിഹായുടെ സ്വർഗാരോഹണവും രണ്ടാം ആഗമനവും

ഈശോയുടെ സ്വർഗാരോഹണം വീക്ഷിച്ച ശിഷ്യന്മാർക്കു ദൈവദൂതന്മാർ നല്കുന്ന സന്ദേശം ഇപ്രകാരമാണ്: "വെള്ളവസ്ത്രം ധരിച്ച രണ്ടുപേർ അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു പറഞ്ഞു: അല്ലയോ ഗലീലിയരേ, നിങ്ങൾ ആകാശത്തേക്കു നോക്കിനില്ക്കുന്നതെന്ത്? നിങ്ങളിൽനിന്ന് സ്വർഗത്തിലേക്കു സംവഹിക്കപ്പെട്ട ഈശോ സ്വർഗത്തിലേക്കു പോകുന്നതായി നിങ്ങൾ കണ്ടതുപോലെതന്നെ തിരിച്ചുവരും" (ശ്ലീഹ 1,11). ആകാശത്തേക്ക് അതിശയത്തോടെ നോക്കിനില്ക്കുന്ന ശിഷ്യന്മാരോട് ഈശോയുടെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ചാണ് മാലാഖമാർ പറയുന്നത്. ഈശോയുടെ സ്വർഗാരോഹണത്തിന്റെയും അവിടുത്തെ രണ്ടാമത്തെ ആഗമനത്തിന്റെയും ഇടയ്ക്കുള്ള സമയമാണ് സഭയുടെ അഥവാ ക്രിസ്തീയജീവിതത്തിന്റെ സമയം. അതു മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാനുള്ള സമയമാണ്.

### സ്വർഗാരോഹണവും മഹത്ത്വീകരണവും

ഈശോയുടെ സ്വർഗാരോഹണം അവിടുത്തെ മഹത്ത്വീകരണത്തിന്റെ ഭാഗമായിട്ടാണ് കാണേണ്ടത്. യോഹന്നാന്റെ സുവിശേഷത്തിൽ ഈശോയുടെ പീഡാനുഭവവും ഉത്ഥാനവുമെല്ലാം അവിടുത്തെ മഹത്ത്വീകരണമായിട്ടാണ് അവതരിപ്പിക്കുന്നത് (യോഹ 3,14; 8,28; 12,32-33). ഈശോയെ തറച്ച കുരിശുതന്നെ അവിടുത്തെ രാജകീയസിംഹാസനമായിട്ടാണ് യോഹന്നാൻ സുവിശേഷകൻ കാണുന്നത്. മത്തായിശ്ലീഹായും യോഹന്നാൻശ്ലീഹായും പൗലോസ്ശ്ലീഹായും ഈശോയുടെ സ്വർഗാരോഹണം ഒരു സ്വതന്ത്രസംഭവമായി ചിത്രീകരിക്കാത്തപ്പോൾ, ലൂക്കാ അത് ഉത്ഥാനത്തിൽനിന്നും വ്യത്യസ്തമായ ഒരു സംഭവമായും, ശിഷ്യന്മാർ അതിനു സാക്ഷ്യം വഹിച്ചതായും രേഖപ്പെടുത്തി. ഈശോ തന്റെ പിതാവിന്റെ അടുക്കലേക്കു പോകുന്നതുവഴി ഭൂമിയിലെ അവിടുത്തെ സാന്നിദ്ധ്യം അവസാനിക്കുന്നില്ല എന്ന് മത്തായിസുവിശേഷകൻ എടുത്തുപറയുന്നുണ്ട്: "യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28,20).

## സ്വർഗാരോഹണവും പ്രത്യാശയും

ഈശോയുടെ സ്വർഗാരോഹണം വീക്ഷിച്ച ശിഷ്യന്മാർക്ക് ദൈവദൂതന്മാർ നല്കുന്ന സന്ദേശം രണ്ടാമാഗമനത്തെ സൂചിപ്പിക്കുന്നുണ്ട് (ശ്ലീഹ 1,10-11). ഈശോയുടെ രണ്ടാം ആഗമനത്തെക്കുറിച്ചാണ് ദൂതന്മാർ അവരെ ഓർമ്മിപ്പിക്കുന്നത്. അവർ ആകാശത്തിലേക്കു നോക്കിനില്ക്കേണ്ടവരല്ലെന്നും അവരോട് ഈശോ പറഞ്ഞത് ചെയ്യുകയാണ് കരണീയമായിട്ടുള്ളതെന്നും അവരെ ഓർമ്മിപ്പിക്കുകയാണ്. അതോടൊപ്പം അപ്രകാരം ഈശോയ്ക്കു സാക്ഷ്യം വഹിച്ചുകൊണ്ടു ജീവിച്ചാൽ അവിടുത്തെ മഹത്ത്വത്തിൽ പങ്കുചേരാമെന്ന പ്രത്യാശയും ഈ വാക്കുകൾ ഉൾക്കൊള്ളുന്നുണ്ട്. അതുകൊണ്ട് ക്രിസ്തീയജീവിതം അവശ്യം പ്രത്യാശയുടെ ഒരു ജീവിതമാണ്. മിശിഹായുടെ ആഗമനത്തിൽ, സ്വർഗീയഗായകസംഘം ആലപിച്ച ഗാനത്തിൽ മുഴങ്ങിയ സമാധാനത്തിന്റെയും പ്രത്യാശയുടെയും അനുഭവം സ്വന്തമാക്കി ക്രിസ്തീയജീവിതം നയിക്കുവാൻ എല്ലാ ക്രൈസ്തവർക്കും സാധിക്കണം.



# കാറ്റാടിമലയിലെ ദേവസഹായം

**സ്റ്റെഫി മംഗലത്തുകുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ര**ക്തസാക്ഷികളുടെ ചുടുനിണം വീണ മണ്ണിൽ സഭാതരു എന്നും തഴച്ചുവളർന്നിട്ടേയുള്ളൂ. പഴയനിയമകാലം മുതൽതന്നെ രക്തസാക്ഷികളുടെ ചുടുനിണം ദൈവജനത്തെ ഭയപ്പെടുത്തുകയല്ല, ധൈര്യപ്പെടുത്തുകയത്രേ ചെയ്തിട്ടുള്ളത്. ആദ്യരക്തസാക്ഷിയായ വി. എസ്തപ്പാനോസ് മുതൽ വിശ്വാസം പ്രഘോഷിച്ചതിന്റെ പേരിൽ ജീവത്യാഗം ചെയ്യേണ്ടിവന്ന അനേകരുടെ ജീവിതമാതൃക വിശ്വാസീസമൂഹത്തിന് എന്നും മുതൽക്കൂട്ടാണ്.

നൈജീരിയൻ ക്രൈസ്തവസമൂഹത്തോടൊപ്പം ലോകം മുഴുവനെയും കണ്ണീരിലാഴ്ത്തി ദബോറ സാമുവൽ എന്ന പെൺകുട്ടി ഈ ലോകത്തോടു യാത്ര പറഞ്ഞപ്പോൾ ജയിച്ചതു ശത്രുവല്ല, സഭ തന്നെയാണ്. പാഠ്യവിഷയങ്ങൾ ചർച്ച ചെയ്യുവാൻ രൂപീകരിച്ച വാട്ട്സാപ്പ് ഗ്രൂപ്പിൽ മതപരമായ കാര്യങ്ങൾ പോസ്റ്റ് ചെയ്തതിനെ എതിർത്തതിന്റെ പേരിൽ ദബോറയെ സ്വന്തം സഹപാഠികൾ കല്ലെറിഞ്ഞും വടികൊണ്ടടിച്ചും ചുട്ടെരിച്ചും കൊലപ്പെടുത്തിയത് ഈയടുത്ത ദിവസങ്ങളിലാണ്. ജീവൻപോയാലും വിശ്വാസം ത്യജിക്കാൻ കൂട്ടാക്കാത്ത ദബോറയുടെ ജീവിതവും നമുക്കു മാതൃകയും പ്രചോദനവുമാകട്ടെ.

ദബോറയുടെ രക്തസാക്ഷിത്വവും ഒരു ഒറ്റപ്പെട്ട സംഭവമല്ല എന്നു നമുക്കറിയാമല്ലോ. സഭ എവിടെയൊക്കെ വേരുപിടിച്ചിട്ടുണ്ടോ അവിടെയൊക്കെ വളമായി തീർന്നത് രക്തസാക്ഷികളുടെ ചുടുനിണമാണ്. അതെ, ഭാരതസഭയുടെ അനുഭവവും വ്യത്യസ്തമല്ല. ഭാരതസഭയുടെ പ്രഥമ അത്മായ വിശുദ്ധൻ നാമകരണം ചെയ്യപ്പെട്ടതിന്റെ അനുഗ്രഹനിമിഷങ്ങളിലാണല്ലോ നാമിപ്പോൾ. കൊല്ലം ജില്ലയിലെ മരുതൂർകുളങ്ങര സ്വദേശി വാസുദേവൻ നമ്പൂതിരിയുടെയും കന്യാകുമാരി ജില്ലയിലെ നട്ടാലത്ത് നായർ തറവാട്ടിലെ ദേവകി അമ്മയുടെയും മകനായി 1712 ഏപ്രിൽ 23നു ജനിച്ച നീലകണ്ഠപിള്ളയാണ് ഇപ്പോൾ വി. ദേവസഹായം പിള്ളയായി മാറിയിരിക്കുന്നത്. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ സൈന്യത്തിൽ പ്രവേശനം ലഭിക്കുക എന്നത് തിരുവിതാംകൂറിലെ ഏതൊരു യുവാവിന്റെയും സ്വപ്നമായിരുന്നു. സ്തുത്യർഹമായ സൈനികസേവനം മൂലം മഹാരാജാവിന്റെ സവിശേഷമായ കടാക്ഷത്തിനു പാത്രമായ നീലകണ്ഠപിള്ളയെ തേടി നിരവധി പദവികൾ എത്തിക്കൊണ്ടിരുന്നു.

അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് ഉദയഗിരിക്കോട്ടയിലെത്തിയപ്പോഴാണ് യൂസ്താക്കിയൂസ് ബെനദിക്തൂസ് ഡിലനോയിയെ അടുത്തു പരിചയപ്പെടുന്നത്. കുളച്ചൽ യുദ്ധത്തിൽ പരാജിതനായി മാർത്താണ്ഡവർമ്മയുടെ തടവുകാരനായിത്തീർന്ന ക്യാപ്റ്റൻ ഡിലനോയ് തിരുവിതാംകൂറിന്റെ സൈന്യാധിപനും നീലകണ്ഠപിള്ളയുടെ ഉറ്റസുഹൃത്തുമായി മാറിയത് ദൈവപരിപാലനയല്ലാതെ മറ്റെന്താണ്? ഉത്തമകത്തോലിക്കനായിരുന്ന ഡിലനോയിയുടെ ജീവിതത്തിലേക്കു ക്രമേണ നീലകണ്ഠപിള്ളയും ആകൃഷ്ടനായി. ആയിടെ പിള്ളയുടെ കുടുംബത്തിൽ നടന്ന പല അനിഷ്ട സംഭവങ്ങൾക്കും ഹൈന്ദവവിധിപ്രകാരമുള്ള പരിഹാരം ഒന്നും ഫലിച്ചില്ല. വി.ഗ്രന്ഥത്തെ ആധാരമാക്കിയുള്ള ഡിലനോയിയുടെ ആശ്വാസവാക്കുകൾ പിള്ളയെ ആശ്വസിപ്പിക്കുക മാത്രമല്ല, മിശിഹായിലേക്ക് അടുപ്പിക്കയും ചെയ്തു. ഒമ്പതുമാസത്തെ പരിശീലനത്തിനുശേഷം 1745 മെയ് 14ന് ലാസറസ് അഥവാ ദേവസഹായം എന്ന പേരിൽ മാമ്മോദീസാ സ്വീകരിച്ചു. ഭർത്താവിന്റെ വിശ്വാസജീവിതത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട ഭാര്യ ഭാർഗ്ഗവി അമ്മാളും കുറച്ചു കാലങ്ങൾക്കുശേഷം ജ്ഞാനസ്നാനം സ്വീകരിച്ചു. തെരേസ എന്നതിന്റെ ഭാഷാന്തരമായ ജ്ഞാനപ്പൂ എന്ന പേരാണ് അവർ സ്വീകരിച്ചത്.

അയിത്താചാരവും മറ്റും ക്രിസ്തീയമല്ല എന്നു മനസ്സിലാക്കിയ ദേവസഹായം പിള്ള അവയെ പാടേ അവഗണിച്ച് വിശ്വാസജീവിതം നയിച്ചതും അതിൽ അനേകർ ആകൃഷ്ടരായതും സവർണ്ണർ അദ്ദേഹത്തിനെതിരെ പരാതിയുയർത്താൻ ഇടയാക്കി. അന്നും ഇന്നും രക്തസാക്ഷികളുടെമേൽ ആരോപിതമാകുന്ന രാജ്യദ്രോഹക്കുറ്റം അദ്ദേഹത്തിന്റെമേലും ചുമത്തപ്പെട്ടു. മാർത്താണ്ഡവർമ്മ മഹാരാജാവാകട്ടെ തന്റെ വിശ്വസ്ത കാര്യസ്ഥനെ രക്ഷപെടുത്തുവാനായി അദ്ദേഹത്തെ ഉപദേശിക്കാൻ തന്റെ കാര്യദർശി ശിങ്കരായ അണ്ണാവിയെ നിയോഗിച്ചു. അതു വിപരീതഫലമുളവാക്കിയപ്പോൾ പിള്ളയെ അദ്ദേഹം കൽത്തുറുങ്കിലടച്ചു. എരിക്കിൻ മാലയിട്ട് നാടുനീളെ നടത്തിക്കുക, ചാട്ടവാറിന് അടിക്കുക, കൈകാലുകൾ ഇരുമ്പുചങ്ങല കൊണ്ടു ബന്ധിച്ച് എരുമപ്പുറത്തു കയറ്റി നാടുനീളെ നടത്തിക്കുക, ആഴമേറിയ മുറിവുകളിൽ മുളകുപൊടി വിതറുക എന്നിവയൊക്കെ പീഡനങ്ങളുടെ ചെറിയ വശം മാത്രമായിരുന്നു. കൊലക്കളത്തിലേക്ക് ഒരു വർഷത്തോളം നീണ്ട യാത്ര... വഴിയിലുടനീളം തുടർന്ന കഠിനമായ മർദ്ദനമുറകൾ... ഗ്രാമുഖ്യന്മാരുടെ വക ശിക്ഷ വേറെയും. പീഡനങ്ങൾ അദ്ദേഹത്തെ മിശിഹായോടു കൂടുതൽ അടുപ്പിക്കുകയാണു ചെയ്തതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

അദ്ദേഹത്തിന്റെ വിശുദ്ധജീവിതം ഇതിനോടകംതന്നെ നാടെങ്ങും അറിഞ്ഞിരുന്നു. അനേകർ അദ്ദേഹത്തെ ഒരുനോക്കു കണാനും ഉപദേശം സ്വീകരിക്കുവാനുമായി കൂട്ടമായി എത്തിത്തുടങ്ങി. ദാഹജലത്തിനായി കുമാരകോവിലിൽ പാറയിൽ മുട്ടിടിച്ചു വെള്ളം വരുത്തിയതൊക്കെ അദ്ദേഹത്തിന്റെ വിശുദ്ധ ജീവിതത്തിന്റെ തെളിവായി പ്രഘോഷിക്കപ്പെട്ടു. ജനത്തെ അകറ്റാൻ അദ്ദേഹത്തെ പല വിജനസ്ഥലത്തേക്കും മാറ്റിയെങ്കിലും ഫലമുണ്ടായില്ല. അവസാനം കാറ്റാടിമലയിൽ എത്തിച്ചു. മരണത്തിനു മുമ്പായി അദ്ദേഹം അന്ത്യകൂദാശയും വി. കുർബാനയും സ്വീകരിച്ചു. അവസാന ആഗ്രഹം മുട്ടുകുത്തി പ്രാർത്ഥക്കണമെന്നതായിരുന്നു. അതിനനുവദിച്ചശേഷം മൂന്നു ഭടന്മാർ അദ്ദേഹത്തിനു നേരെ നിറയൊഴിച്ചു. അവിടെനിന്നും ഒരു പാറ ഇളകി വീഴുകയും അപ്പോൾ മണിയടിയുടെ ശബ്ദമുണ്ടാവുകയും ചെയ്തു. 1752 ജനുവരി 14 നായിരുന്നു അദ്ദേഹത്തിന്റെ രക്തസാക്ഷിത്വം. പൂജ്യദേഹം കോട്ടാർ പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

ഹെബ്രായ ലേഖകൻ പറയുന്നു: "കൂടുതൽ മെച്ചപ്പെട്ട പുനരുത്ഥാനം പ്രാപിക്കാൻ വേണ്ടി പീഡയിൽ നിന്നു രക്ഷപെടുവാൻ അവർ കൂട്ടാക്കിയില്ല" (11,35). നിസ്സാരമായ നേട്ടങ്ങൾക്കു വേണ്ടി പരോക്ഷമായിപോലും വിശ്വാസത്തെ തള്ളിപ്പറയാതിരിക്കാൻ, ആവശ്യമായി വന്നാൽ ജീവൻത്യജിച്ചും വിശ്വാസം കാത്തുസൂക്ഷിക്കാൻ, നിത്യമായ സന്തോഷം സ്വന്തമാക്കുവാൻ ഈ പുണ്യാത്മാക്കളുടെ ജീവിതം നമുക്കു പ്രചോദനമാകട്ടെ.

# ശാന്തിതീരം



**മിനി വന്യംപറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ലോ**കത്തിൽ മരിക്കാൻവേണ്ടി ജനിച്ചതും ഉത്ഥാനം ചെയ്യാൻ വേണ്ടി മരിച്ചതും ഒരാൾ മാത്രമേയുള്ളൂ. അതു നമ്മുടെ കർത്താവാണ്... പള്ളിപ്രസംഗത്തിന്റെ അലയടികൾ വറീതിനെ ഇരുത്തി ചിന്തിപ്പിച്ചു... അങ്ങനെ വറീതു ചാരുകസേരയിലേക്ക് ഒന്നു ചാഞ്ഞു. ഏറെനേരം കഴിയുംമുമ്പേ നീട്ടി ഒരു വിളി.

വറീതേ... വറീതേ... ചാക്കോ നീട്ടി വിളിച്ചു. ഞാനിവിടുണ്ട് നീയിങ്ങ് കേറിവാ...

രാവിലെ പള്ളിയിൽ ഒന്നിച്ചുപോയി വന്നവരാ. ദീർഘനേരത്തെ സംഭാഷണവും കഴിഞ്ഞു പോയവർ... ഇതു വൈകുന്നേരത്തെ പുഴയോരത്തെ ഒത്തുചേരൽ! സന്ധ്യയാകുമ്പോൾ അവർ പിരിയും. പിണങ്ങുകയോ പിരിയുകയോ ചെയ്യാത്ത ദീർഘനാളത്തെ സൗഹൃദമാണവരുടേത്. ഈ സുഹൃദ് വലയത്തിൽ നാലുപേരുണ്ട്. മാധവൻ അതിലൊരാളാണ്. ഏറെ പ്രാരാബ്ധങ്ങളുമായി ക്ലേശിക്കുന്നവനാണെങ്കിലും വളരെ നല്ല മനുഷ്യൻ. റബർ വെട്ടാൻ പോകുന്നതിനാൽ വൈകുന്നേരങ്ങളിലേ മാധവൻ വരാറുള്ളൂ. കാലങ്ങൾ അവർക്കു നല്കിയ പ്രതിസന്ധികളിലും കഷ്ടപ്പാടിലും പതറാതെ പരസ്പരം സഹകരിച്ചും സഹായിച്ചും മുന്നോട്ടു പോകുന്ന സുഹൃത്തുക്കൾ.

ദാ മാധവനും എത്തി. അധ്വാനത്തിന്റെ ക്ഷീണവും ഹൃദയത്തിന്റെ നോവും മനസിന്റെ ആധിയും ആ മനുഷ്യനിൽ ഒരു മ്ലാനത പരത്തിയിരുന്നു. ഈ സൗഹൃദകൂട്ടായ്മയിൽ അത് പങ്കുവച്ചില്ലാതാക്കുകയാണ് പതിവ്. മൂവരും മെല്ലെ നടന്നു...

നിന്നെ കാണാഞ്ഞപ്പോൾ ഞങ്ങൾ അങ്ങോട്ടേക്കു വരാൻ തുടങ്ങുകയായിരുന്നു. വറീത് പറഞ്ഞു. ഏതാനും ചുവടുകൾ മുന്നോട്ടുപോകുമ്പോൾ നാലാമനും കൂടെ കൂടി... ആന്റണി.

മാലിനിക്ക് എങ്ങനെയുണ്ട് മാധവാ? ചാക്കോ ചോദിച്ചു.

അതിപ്പോ എന്നാ പറയാനാ... ദീനം കുറയുന്നില്ല... ചികിത്സയ്ക്ക് പണം തികയുന്നുമില്ല. ഞാനാ മുതലാളിയോടു കുറച്ചു പണം ചോദിച്ചു; തന്നില്ല... തിരിച്ചടയ്ക്കാനാവില്ലെന്നു വിചാരിച്ചാണെങ്കിൽ അത് എന്റെ കൂലിയിൽ നിന്ന് എടുത്തോ എന്നുകൂടി പറഞ്ഞു. പക്ഷേ...

എനിക്ക് സഹിക്കാൻ പറ്റാതായപ്പോ ഞാനെന്തൊക്കെയോ ദേഷ്യത്തോടെ പറഞ്ഞു. എന്റെ ജോലിയും പോയി... ഇപ്പോ എനിക്ക് ഒരു സമാധാനവും ഇല്ല....

ഇവിടെ ഇരിക്കാം, നമ്മുടെ സ്ഥലമെത്തി. പുഴയുടെ തീരത്തെത്തിയത് അറിഞ്ഞില്ല. ഈ ശാന്തസുന്ദരമായ തീരത്തിരുന്ന് മനസു തുറന്നു സംസാരിക്കുക എത്ര ആശ്വാസകരമാണ് എന്നു പറഞ്ഞ് വറീതിരുന്നു. നമുക്ക് എന്തെങ്കിലും ഒരു വഴിയുണ്ടാക്കാം. ജോലി മറ്റെവിടെയെങ്കിലും അന്വേഷിക്കാം. നീ സമാധാനപ്പെട്. വറീതു പറഞ്ഞു.

നിങ്ങൾക്കാണെങ്കിൽ ഈ വക കാര്യങ്ങൾളൊക്കെ പള്ളിയിൽ നിന്ന് സഹായം കിട്ടും. കത്തോലിക്കാസഭ എത്രപേരെ സഹായിക്കുന്നു. എനിക്കും നിങ്ങളിലൂടെ എത്രയോ പ്രാവശ്യം സഹായം കിട്ടിയിരിക്കുന്നു. മാധവൻ നെടുവീർപ്പിട്ടു....

മാധവന്റെ പരിതാപാവസ്ഥ കേട്ട് ആന്റണി പറഞ്ഞു: ഞാൻ നിന്നെ സഹായിക്കാം. എന്റെ കൈവശം ഒരു ഇരുപത്തയ്യായിരം ഉണ്ട്. മുറിയുടെ റിപ്പയറിംഗിന് നീക്കിവച്ചതാ. അതു പിന്നീടായാലും ചെയ്യാമല്ലോ. ഇപ്പോ ഇതു നടക്കട്ടെ. വറീതും ചാക്കോച്ചനും സ്തബ്ധരായി. കാരണം അഞ്ചു പൈസപോലും ചെലവാക്കാൻ പിശുക്കു കാണിക്കുന്ന ആന്റണിയിൽ വന്ന മാറ്റം കണ്ടിട്ട്...അവൻ വലിയ ധനികനൊന്നുമല്ല. അധ്വാനിച്ചു കിട്ടുന്നതുകൊണ്ട് കുടുംബം പോറ്റാൻ പാടുപെടുന്നവൻ. എങ്കിലും കൊടുക്കാനുള്ള സന്മനസ്സ് അവനുണ്ടല്ലോ.

എൻെറ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത് (മത്താ 25,40) എന്നല്ലേ ഈശോ പറഞ്ഞിരിക്കുന്നത്. നമുക്കു മുന്നിൽ കിട്ടുന്ന അവസരങ്ങളെ പാഴാക്കാതിരിക്കാം. വറീതും ചാക്കോയും മാധവന് ആവശ്യമായ പണം കൊടുത്തു.

ഇനി നീ സമാധാനമായി വീട്ടിലേക്ക് ചെല്ല്. എന്റെ മനസ്സിന് ഒരു സമാധാനവുമില്ല. ഞാൻ ആ മുതലാളിയോട് അങ്ങനെയൊക്കെ പറഞ്ഞുവല്ലോ. ഹോ... ഈ മനസിന്റെ സമാധാനം എങ്ങനെ കിട്ടും? നിങ്ങൾക്ക് ആത്മീയസമാധാനം കിട്ടുന്ന കുമ്പസാരമുണ്ടല്ലോ.

അതു കത്തോലിക്കാസഭയുടെ ഒരു പുണ്യമാ. ആന്റണി പറഞ്ഞു. ഈശോ ലോകത്തിലേക്കു വന്നത് മനുഷ്യനു സമാധാനം നല്കുവാനാ... ഈശോ പുൽക്കൂട്ടിൽ പിറന്നപ്പോൾ മാലാഖമാർ പാടിയില്ലേ 'ഭൂമിയിൽ മനുഷ്യർക്കു സമാധാനം', ഉത്ഥിതനായ ഈശോ ആശംസിച്ചില്ലേ 'നിങ്ങൾക്കു സമാധാനം' എന്ന്. ലോകം തരുന്നതുപോലെയല്ല, ഞാൻ നിങ്ങൾക്ക് എന്റെ സമാധാനം നല്കുന്നു (യോഹ 14,27) എന്നല്ലേ ഈശോമിശിഹാ പറഞ്ഞത്. അന്നത്തെ സൗഹൃദം പങ്കുവച്ച് അവർ വീട്ടിലേക്കു മടങ്ങി...

ജീവിതത്തിന്റെ കഷ്ടനഷ്ടങ്ങളിലും, ദുഃഖദുരിതങ്ങളിലും, രോഗപീഡകളിലും, ഒന്നുമില്ലാത്ത അവസരങ്ങളിലും സമാധാനത്തോടും സന്തോഷത്തോടുംകൂടി ജീവിക്കാനാവണം. നമ്മുടെ സാന്നിധ്യസാമീപ്യവും സഹായസഹകരണവും മറ്റുള്ളവർക്ക് ആശ്വാസദായകവും പ്രത്യാശാഭരിതവും ആകണം. അങ്ങനെ നല്ലൊരയൽക്കാരനായി ഈശോയ്ക്കു സാക്ഷ്യമേകാൻ നമുക്കും കഴിയട്ടെ. ഈശോയെ പിതാവ് അയച്ചതുപോലെ ഈശോ നമ്മെയും അയച്ചിരിക്കുകയാണ്. ഈശോയിൽ നിന്നു സമാധാനം സ്വീകരിച്ച് അതു കൊടുക്കുന്നവരായി നമുക്കു മാറാം.



# സ്നേഹപ്രണാമം

**'പ്രതീക്ഷയുടെ പൂമൊട്ടുകളു'ടെ**
**പ്രസാധകയും മാനേജിംഗ്**
**എഡിറ്ററുമായിരുന്ന**
**അന്നമ്മ കുളത്തൂപുരയിടത്തിന്**
**ആദരാഞ്ജലികൾ!**

**അനു കുരിശുംമൂട്ടിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**'ഞാ**നെന്റെ ഓട്ടം പൂർത്തിയാക്കി, എന്റെ കടന്നുപോക്കിൽ ഞാൻ സംതൃപ്തയാണ്' എന്ന് നിശ്ശബ്ദം മന്ത്രിച്ചുകൊണ്ട് സ്വർഗ്ഗീയപിതാവിന്റെ വിളി കേട്ടു യാത്രയായ അന്നമ്മയുടെ വിശുദ്ധജീവിതത്തിനുമുമ്പിൽ സ്നേഹപ്രണാമം. ദൈവപിതാവിന്റെ ഒരു മനോഹരസൃഷ്ടിയായിരുന്നു അന്നമ്മ. ഇന്ത്യയിലെ അപ്പസ്തോലിക് ഒബ്ലേറ്റ്സ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കരുത്തും കരുതലുമുള്ള പിതാവായാണ് അന്നമ്മ വർത്തിച്ചിരുന്നത്. ദൈവത്തിന്റെ വിളിക്ക് പരിശുദ്ധ അമ്മയെപ്പോലെ 'ആമ്മേൻ' പറഞ്ഞ അന്നമ്മയുടെ ജീവിതം ഒരു നിരന്തര ബലിയായിരുന്നു. സ്ഥാപകപിതാവിന്റെ കാരിസവും തീക്ഷ്ണതയും ഒപ്പിയെടുത്ത വ്യക്തിത്വം. ഉറച്ച ബോധ്യത്തോടെ, നിശ്ചയദാർഢ്യത്തോടെ, നിറഞ്ഞ മനസ്സോടെ, കലർപ്പില്ലാത്ത സ്നേഹത്തോടെ, തികഞ്ഞ വിശ്വാസത്തോടെ ദൈവം ചോദിച്ചതിനൊക്കെയും 'ഇതാ ഞാൻ' എന്നു പറഞ്ഞവൾ!

കാഞ്ഞിരപ്പള്ളി രൂപതയിലെ ചെറുവള്ളി ഇടവകയിൽ കുളത്തൂപുരയിടം കുടുംബത്തിൽ അപ്രേം-ത്രേസ്യാ ദമ്പതികളുടെ 7 മക്കളിൽ 5-ാമത്തെ മകളായി 1950 ജനുവരി 31 ന് അന്നമ്മ ജനിച്ചു. മണിമല സെന്റ് ജോർജ്ജ് ഹൈസ്കൂളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ഒരു ധീരമിഷണറിയാകാനുള്ള ആഗ്രഹവും ഹൃദയത്തിൽ പേറിക്കൊണ്ട് സ്വന്തം വീടും നാടും ഉപേക്ഷിച്ച് വളരെ ചെറിയ പ്രായത്തിൽത്തന്നെ റോമിൽ അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ ഭവനത്തിലേക്ക് 1969 സെപ്റ്റംബർ 27ന് യാത്രയായ അന്നമ്മ 5 വർഷത്തെ രൂപീകരണത്തിനും ദൈവശാസ്ത്ര പഠനത്തിനും ശേഷം 1974 മെയ് 1 ന് അപ്പസ്തോലിക് ഒബ്ലേറ്റായി, ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകൻ ദൈവദാസൻ വില്യം ജക്വീന്താ പിതാവിന്റെ മുമ്പിൽ വ്രതവാഗ്ദാനം നടത്തി. ഇന്ത്യയിൽ ഈ ഇൻസ്റ്റിറ്റ്യൂട്ടിനു ജന്മം നൽകാൻ ദൈവം പ്രത്യേകം നിയോഗിച്ച നാലുപേരിൽ ഒരാളായി അന്നമ്മ. ഇന്ത്യയുടെ മണ്ണിൽ വിത്തുപാകി ഈ ഇൻസ്റ്റിറ്റ്യൂട്ടിനെ ഇത്രത്തോളം വളർത്താൻ തന്റെ ചോരയും നീരും ഒഴുക്കിയ വിശ്വസ്തയായ സമർപ്പിതയായിരുന്നു അന്നമ്മ.

വ്യത്യസ്തമായ സംസ്കാരങ്ങളിലും സാഹചര്യങ്ങളിലും നിന്ന് പ്രേഷിതാനുഭവം ഉൾക്കൊള്ളാൻ 1976 ഒക്ടോബർ മാസത്തിൽ അന്നമ്മ അമേരിക്കയിലേക്കു യാത്രയായി. രണ്ടു വർഷങ്ങൾക്കു ശേഷം 1978 ജനുവരി 20 ന് സ്പിരിച്ച്വാലിറ്റി സെന്റർ പ്രവർത്തനം ആരംഭിച്ചപ്പോൾ ആദ്യത്തെ ഡിറക്ട്രസ്സ് ആയും 1980 ൽ അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ മേജർ സിസ്റ്റർ ആയും സേവനം ചെയ്തു.

1987ൽ പ്രോ സാങ്ടിറ്റി പ്രിന്റേഴ്സ് രൂപം കൊണ്ടപ്പോൾ ആദ്യത്തെ മാനേജരായി അന്നമ്മ നിയോഗിക്കപ്പെട്ടു. കൂടുതൽ സാങ്കേതിക വിദ്യകളോടെ 1995 ൽ വി. ജി. പ്രിന്റേഴ്സിന് തുടക്കം കുറിച്ചപ്പോഴും അതിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് ചുക്കാൻ പിടിച്ചതും അന്നമ്മ തന്നെയായിരുന്നു. പ്രസ് സ്ത്രീകൾക്കു പറ്റിയ ജോലിമേഖലയല്ലെന്നു പറഞ്ഞു പലരും പിന്തിരിപ്പിച്ചപ്പോഴും സർവ്വശക്തനായ ദൈവം നൽകുന്ന ബലത്തിൽ അന്നമ്മ തെല്ലും അവിശ്വസിച്ചില്ല. ദീർഘനാളത്തെ പ്രസ്സിലെ ശുശ്രൂഷയ്ക്കു ശേഷം 1995ൽ എലിക്കുളത്തുള്ള അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ മേജർ സിസ്റ്റർ ആയി നിയമിതയായി. അതിനുശേഷം 1999 മുതൽ 2019 വരെ അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ നാഷണൽ കൗൺസിലർ, വി. ജി. പ്രിന്റേഴ്സ് മാനേജർ, നാഷണൽ അഡ്മിനിസ്ട്രേറ്റർ എന്നീ നിലകളിൽ സേവനം ചെയ്തു. 2019 ഓഗസ്റ്റ് മുതൽ 2021 ജനുവരി വരെ കൂരോപ്പടയിലെ അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ മേജർ സിസ്റ്റർ ആയും ഇടവകയിലെ പ്രേഷിതപ്രവർത്തനങ്ങളിലും വ്യാപൃതയായി.അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ എല്ലാ ഭവന നിർമ്മിതികൾക്കും മറ്റു സംരംഭങ്ങൾക്കും തന്റെ കഠിനാദ്ധ്വാനത്തോടൊപ്പം സർഗ്ഗാത്മകമായ സ്വപ്നങ്ങളും ചേർത്തുവച്ചു.

2021 ജനുവരിയിൽ തലശ്ശേരി രൂപതയിൽ പൈസകരി ഇടവകയിൽ വർദ്ധിത തീക്ഷ്ണതയോടെ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കെ ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുകയും ക്യാൻസർ രോഗം സ്ഥിരീകരിക്കുകയും ചെയ്തു. രോഗത്തിന്റെ നിജസ്ഥിതി മനസ്സിലായപ്പോൾ ശാന്തതയോടെ, ദൈവഹിതമായി അതിനെ സ്വീകരിച്ചു. ദൈവപിതാവിന്റെ സന്നിധിയിലേക്കു യാത്രയാകുവാൻ സമയമായി എന്നു തിരിച്ചറിഞ്ഞപ്പോൾ കുമ്പസാരവും രോഗിലേപനവും സ്വീകരിക്കുവാൻ അന്നമ്മ തിടുക്കം കാണിച്ചു. 2022 മെയ് 15ന് ഉച്ചകഴിഞ്ഞ് 3.45 ന് അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ പ്രാർത്ഥനാഗീതങ്ങളോടൊപ്പം അന്നമ്മയുടെ ആത്മാവും സ്വർഗ്ഗത്തിലേക്കു പറന്നുയർന്നു.

ദൈവം കൂടെയുണ്ടെന്ന ബോധ്യത്തിൽ അസാദ്ധ്യമെന്നു കരുതപ്പെട്ട റിസ്കുകൾ ഏറ്റെടുക്കാൻ മുന്നിട്ടിറങ്ങിയ വ്യക്തിയായിരുന്നു അന്നമ്മ. തന്നെ ഭരമേല്പിച്ചവരെ വളർത്തുവാൻ അശ്രാന്തം പരിശ്രമിച്ച അതുല്യ പ്രതിഭ. തന്റെ സുഖവും താല്പര്യവും നോക്കാതെ അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ സുസ്ഥിതിക്കായി അവിശ്രമം അദ്ധ്വാനിച്ച പുണ്യജീവിതം. അഗാധമായ കർമ്മകുശലതയും ക്രിയാത്മകതയും കരഗതമാക്കിയവൾ. മിതഭാഷണവും മിതഭോജനവും സ്വന്തമാക്കിയ വ്യക്തിത്വം. വലിപ്പച്ചെറുപ്പമെന്യേ ആർക്കുമൊപ്പം കൂടുന്ന ശൈലി. ദൈവം തനിക്കു നൽകിയ താലന്തിനെ ഇരട്ടിയാക്കാൻ കഠിനാദ്ധ്വാനം ചെയ്തവൾ. സഭയെ സ്നേഹിച്ച്, സഭയ്ക്കുവേണ്ടി ജീവിച്ച് എപ്പോഴും സഭയുടെ വക്താവായ കരുത്തുറ്റ വിശ്വാസി. എന്നിൽ നിന്നും പഠിക്കുവിൻ എന്നു പറയുവാൻ തക്കവണ്ണം ജീവിതനിഷ്ഠയും ക്രമവും പാലിച്ചവൾ. സമയത്തെ ദരിദ്രന്റെ നാണയത്തുട്ടുപോലെ അമൂല്യമായി കണ്ട് ഉചിതമാംവിധം വിനിയോഗിച്ചവൾ. സർവ്വോപരി പ്രാർത്ഥനയുടെ ശക്തി രുചിച്ചറിഞ്ഞ സമർപ്പിത... വിശേഷണങ്ങൾ അവസാനിക്കുന്നില്ല. അദ്ധ്വാനത്തിന്റെ അലച്ചിലുകൾ അൾത്താരയിലേക്ക് അന്നമ്മയെ വലിച്ചടുപ്പിച്ചു. വി. കൂദാശകളോടും സഭയുടെ പ്രാർത്ഥനകളോടും വ്യക്തിപരമായ ദൈവികകണ്ടുമുട്ടലുകളോടും അന്നമ്മ കാണിച്ച അതീവ താല്പര്യം ഏവർക്കും മാതൃകയാണ്. സ്വർഗ്ഗത്തിൽ നിത്യമായി കൂടൊരുക്കുവാൻ യാത്രയായ അന്നമ്മയ്ക്ക് ഇന്ത്യൻ മക്കളുടെ സ്നേഹപ്രണാമം!




**റവ.ഡോ. ജേക്കബ് കോയിപ്പള്ളി**
**ചങ്ങനാശ്ശേരി അതിരൂപത**

**എ**ല്ലാ മനുഷ്യരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു: സഭയുടെ പ്രബോധനങ്ങളിൽ വളരെ പ്രാധാന്യമേറിയ ഒന്നായാണ് ഇത് അറിയപ്പെടുക. വിശുദ്ധി ഒരേസമയം പരിശുദ്ധാത്മപ്രചോദനവും അതിനോടുള്ള മനുഷ്യന്റെ സഹകരണവുമാണ്. വിശുദ്ധി കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ലെന്നു പൗലോസ് ശ്ലീഹാ പറയുന്നുണ്ട്. പുണ്യങ്ങളാൽ നിറഞ്ഞ ഒരു ജീവിതചര്യയാണു വിശുദ്ധി. അപ്പോൾ വിശുദ്ധി എന്നതു നമുക്ക് അപ്രാപ്യമാണോ? സാധാരണ മനുഷ്യരും ഒരുപാടു തെറ്റുകുറ്റങ്ങൾ ചെയ്യുന്നവരുമായ നമുക്കെങ്ങനെ വിശുദ്ധിയിൽ ജീവിക്കാനാവും? ഇത്തരുണത്തിൽ ഫ്രാൻസിസ് പാപ്പായുടെ ആശയഗതി വളരെ പ്രസക്തമാണ്: 'ഇന്നത്തെ യുഗത്തിന് പാട്ടുപാടുന്ന, സിനിമ കാണുന്ന, ഡാൻസു കളിക്കുന്ന വിശുദ്ധരെ ആവശ്യമുണ്ട്'. വിശുദ്ധിയെന്നതു നമ്മുടെ പുറമേനിന്ന് ഉള്ളിലേക്കു പ്രവേശിക്കേണ്ട ഒന്നല്ല.

വിശുദ്ധിയുടെ വലിയൊരു അർത്ഥമാണ് ശാരീരിക ശുദ്ധത എന്നത്. നമ്മെ സൃഷ്ടിച്ച ദൈവം നമുക്കു ശരീരം നൽകിയിരിക്കുന്നതിനു വലിയൊരു ഉദ്ദേശ്യമുണ്ട്. നമ്മുടെ വ്യക്തിത്വത്തെ മറ്റുള്ളവരിലേക്ക് എത്തിക്കുന്നതും നമ്മിൽ നിറയുന്ന വികാരവും വിചാരവും മറ്റുള്ളവരിൽ എത്തുന്നതും നമ്മുടെ ശരീരത്തിലൂടെയാണ്.

**അമ്മയും കുഞ്ഞും**: സ്നേഹത്തിന്റെ ഏറ്റം മഹത്തായ പ്രതീകമാണ് അമ്മയും കുഞ്ഞും. ദൈവം തന്റെ സ്നേഹത്തെ അവതരിപ്പിക്കുമ്പോൾ ഉദാഹരണമായി എടുത്തുകാണിക്കുന്നതു മാതൃത്വത്തെയാണ്. വീടിനുള്ളിലാണ് സ്നേഹത്തിന്റെ വിദ്യാലയം. സഹോദരസ്നേഹവും,

ബന്ധുക്കളോടും അയൽക്കാരോടുമുള്ള സ്നേഹവും അവിടെയാണ് അഭ്യസിക്കപ്പെടുക. സ്നേഹത്തെ അതിന്റെ ക്രമം വിട്ട തലങ്ങളിൽ നിന്നു രക്ഷിക്കുവാൻ കുട്ടികൾ അഭ്യസിക്കേണ്ട വിദ്യാലയവും വീടുതന്നെയാണ്. ക്രമവും സുതാര്യവുമായ സ്നേഹം എപ്പോഴും വിശുദ്ധി യുടെ അടയാളമാണ്. സഹോദരങ്ങൾ തമ്മിലുള്ള സ്നേഹവും അതിന്റെ ആഴവും ഒക്കെ അമ്മയും മക്കളും തമ്മിലാരംഭിച്ച വിശ്വസ്തമായ സ്നേഹത്തിന്റെ പ്രതിഫലനമാണ്. ചുരുക്ക ത്തിൽ വിശുദ്ധി നിറഞ്ഞ സ്നേഹം അമ്മയിലൂടെ നമ്മിലേക്കു ചൊരിയപ്പെടുന്നത് ഭാവിയിൽ നമ്മിലൂടെ മറ്റുള്ളവരിലേക്കു ചൊരിയപ്പെടുന്നു.

**വിശുദ്ധമായ ഭാര്യാഭർതൃസ്നേഹം**: ഭൂമിയിലെ സ്നേഹത്തിന്റെ ഏറ്റം മനോഹരവും അതേസമയം പ്രയാസമേറിയതുമായ ഒരു യാഥാർത്ഥ്യമാണ് ഭാര്യാഭർതൃസ്നേഹം. മറ്റെല്ലാ സ്നേഹങ്ങളിൽ നിന്നും ഇതിനെ വ്യത്യസ്തമാക്കുന്നത് ഈ സ്നേഹത്തിന്റെ സ്ഥായീഭാവമാ ണ്. ഭാര്യാഭർതൃസ്നേഹം മുഴുവനായും പൂർണ്ണമായും തങ്ങളെത്തന്നെ പങ്കുവയ്ക്കുന്ന സ്നേഹ മാണ്. സ്നേഹത്തിൽ ഭാര്യയും ഭർത്താവും ഒരുമിക്കുമ്പോൾ മാത്രമാണ് അവർക്കു ദൈവദാ നമായ മക്കളെ ലഭിക്കുന്നത്. വിവാഹത്തിൽ മാത്രമാണ് ലൈംഗികതയുടെ ഉപയോഗം ധാർമ്മി കമാകുന്നത്. വിവാഹപൂർവ്വമോ വിവാഹത്തിനു പുറമേയുള്ളതോ ആയ ലൈംഗികതയുടെ ഉപയോഗം ധാർമ്മികമാവുന്നില്ല. ആഗ്രഹത്തോടെ, ആസക്തിയോടെ സ്ത്രീ പുരുഷനെയോ, പുരുഷൻ സ്ത്രീയെയോ നോക്കുന്നതുപോലും വലിയ അവിശ്വസ്തതയും വ്യഭിചാരവുമായി ട്ടാണ് ഈശോ പഠിപ്പിച്ചത്.

**വിവാഹപൂർവ്വ വിശുദ്ധി**: വിവാഹത്തിനു മുമ്പ് ഒരുവൻ തന്റെ ശരീരത്തെ നിർമ്മലമായി കാത്തുസൂക്ഷിക്കാൻ കടപ്പെട്ടിരിക്കുന്നു. കൗമാരം വളരെ പ്രലോഭനങ്ങൾ ഉണ്ടാകുന്ന ഒരു കാലമാണ്. മൊബൈൽ ഫോണുകളുടെയും ഇന്റർനെറ്റിന്റെയും ഉപയോഗത്തോടെ പ്രലോഭന ങ്ങളുടെ കുത്തൊഴുക്കായി. മോശമായ ചിത്രങ്ങൾ കാണാനുള്ള പ്രവണത, ചാറ്റിങ്ങിനുള്ള പ്രവണത, അതിലൂടെ സംഭവിക്കുന്ന അപക്വമായ ബന്ധങ്ങൾ ഇതൊക്കെ സാധാരണമായി. തങ്ങളുടെ ജീവിതത്തെ വിശുദ്ധിയിൽ എങ്ങനെ കാത്തുസൂക്ഷിക്കണമെന്ന് കൗമാരക്കാരെ പഠിപ്പിക്കുന്ന വിശുദ്ധമായ ജീവിതങ്ങൾ ഉണ്ട്. അതിലേറ്റവും പ്രസക്തമായ ഒരു പേര് വി. മരിയ ഗൊരേത്തിയുടേതാണ്.

ഇറ്റലിയിലെ അങ്കോണാ പ്രൊവിൻസിൽ 1890 ഒക്ടോബർ 16നാണ് വി. മരിയ ഗൊരേ ത്തി ജനിച്ചത്. ലൂയിജിയുടെയും അസൂന്തായുടെയും ഏഴു മക്കളിൽ മൂന്നാമത്തെ കുട്ടിയായി രുന്നു അവൾ. 1899ൽ കടലിനോടു ചേർന്നുള്ള നെത്തൂണോ ഗ്രാമത്തിലേക്ക് അവർ താമസം മാറി. ദാരിദ്ര്യം മൂലം അവർ മറ്റൊരു കുടുംബത്തോടൊപ്പമാണ് ഒരു വീട്ടിൽ താമസിച്ചിരുന്നത്. ആ വീട്ടിലെ മകനായിരുന്നു അലക്സാണ്ടർ. മരിയയ്ക്ക് ഒമ്പതു വയസ്സുള്ളപ്പോൾ മലേറിയ ബാധിച്ച് അവളുടെ പിതാവു മരിച്ചു. അമ്മയുടെ ജോലിഭാരം വർദ്ധിച്ചു. അമ്മയും മൂത്ത സഹോ ദരങ്ങളും വയലിൽ അദ്ധ്വാനിക്കവേ വി. മരിയ ഗൊരേത്തിക്ക് അനുജത്തിയെ സംരക്ഷിക്കു കയും വീട്ടിലെ ജോലികൾ ചെയ്യുകയും തയിക്കുകയും ചെയ്യണമായിരുന്നു. ഒരു ദിവസം തോട്ടത്തിലായിരുന്ന അലക്സാണ്ടർ വി. മരിയ ഗൊരേത്തിയും കുഞ്ഞനുജത്തിയും മാത്രമേ വീട്ടിലുള്ളൂ എന്നു മനസ്സിലാക്കി മരിയയുടെ അടുത്തെത്തി തന്റെ ഭ്രാന്തമായ ആസക്തികൾക്കു കീഴ്‌വഴങ്ങണമെന്നും അല്ലാത്തപക്ഷം അവളെ കഠാരകൊണ്ടു കുത്തുമെന്നും ഭീഷണിപ്പെടു ത്തി. അതിനു വഴങ്ങാതിരുന്ന അവളുടെ ശരീരത്തിൽ സ്പർശിക്കുവാനും പാപേച്ഛയോടെ അവളെ കീഴ്പ്പെടുത്തുവാനും അവൻ ശ്രമം തുടങ്ങി.

തന്റെ അടുത്തുവന്നു ഭീഷണിപ്പെടുത്തിയ അലക്സാണ്ടറോട് പാപം ചെയ്യാൻ താനനുവ ദിക്കില്ലെന്ന് ധീരതയോടെ അവൾ പറഞ്ഞു. ഇതു ദൈവഹിതത്തിനു വിരുദ്ധമാണെന്നും സ്വർഗ്ഗ

രാജ്യത്തിലേക്കുള്ള യാത്രയിൽ ഇത്തരം പാപപ്രവൃത്തികൾ തടസ്സമാണെന്നും അവൾ പറഞ്ഞു. അലക്സാണ്ടർ പിന്നെയും അവളെ തന്റെ ഇഷ്ടങ്ങൾക്കായി പ്രലോഭിപ്പിക്കാനും സമ്മർദ്ദം ചെലുത്താനും തുടങ്ങി. സുഖേച്ഛകൾക്കായി ശരീരത്തെ വിനിയോഗിക്കുന്നതും ലൈംഗികതയെ ഇപ്രകാരം ദുരുപയോഗം ചെയ്യുന്നതും ദൈവതിരുമുമ്പിൽ പാപമാണെന്ന് അവൾ തറപ്പിച്ചു പറഞ്ഞു. തന്റെ ഇംഗിതം നടക്കില്ലെന്നു മനസ്സിലാക്കിയ അലക്സാണ്ടർ കയ്യിലിരുന്ന കത്തികൊണ്ട് പന്ത്രണ്ടുവയസ്സുകാരിയായ മരിയയെ പതിനാലു പ്രാവശ്യം കുത്തി. മരിയയുടെ അനുജത്തി ഉറക്കത്തിൽ നിന്നുണർന്ന് ഉറക്കെക്കരഞ്ഞു. അലക്സാണ്ടർ ഓടിമറഞ്ഞു. അസൂന്തയും സഹോദരങ്ങളും ഓടിയെത്തുമ്പോൾ രക്തത്തിൽ കുതിർന്നു കിടക്കുന്ന മരിയയെയാണ് കണ്ടത്. അവർ അവളെ നെത്തൂണോയിലെ ആശുപത്രിയിൽ എത്തിച്ചു. ആശുപത്രിയിൽ കിടന്ന് കട്ടിലിന്റെ അരികിലുള്ള ഈശോയുടെ ചിത്രം നോക്കി, ഈശോയുടെ നാമത്തിൽ അലക്സാണ്ടറിനോടു ക്ഷമിക്കുന്നു എന്ന് പറഞ്ഞതിനുശേഷം 1902 ജൂലൈ 6ന് അവൾ ഈ ലോകത്തോടു വിടപറഞ്ഞു. മരിക്കുന്നതിനു മുമ്പ് അവൾ പറഞ്ഞത് അലക്സാണ്ടർ എന്നോടൊപ്പം സ്വർഗ്ഗത്തിലുണ്ടാവണമെന്നാണ് തന്റെ ആഗ്രഹം എന്നായിരുന്നു.

1947 ഏപ്രിൽ 27-ാം തീയതി പീയൂസ് പതിനൊന്നാമൻ മാർപാപ്പ അവളെ ധന്യയായി പ്രഖ്യാപിച്ചു. അവളുടെ അമ്മ സന്നിഹിതയായിരുന്ന ആ ചടങ്ങിൽ മാർപാപ്പാ അവളുടെ അമ്മയുടെ അടുത്തെത്തി, സന്തോഷമുള്ള അമ്മ, അനുഗ്രഹിക്കപ്പെട്ട അമ്മ, അനുഗ്രഹിക്കപ്പെട്ടവളുടെ അമ്മ എന്നു വിളിച്ച് അഭിസംബോധന ചെയ്തു. 1950 ജൂൺ 24-ാം തീയതി വി. പന്ത്രണ്ടാം പീയൂസ് മാർപാപ്പ മരിയ ഗൊരേത്തിയെ ആഗോളസഭയിലെ വിശുദ്ധയായി പ്രഖ്യാപിച്ചു. നെത്തൂണോയിലെ കത്തോലിക്കാ ദൈവാലയത്തിൽ ഇന്നും അവളുടെ മൃതശരീരം അഴുകാതെ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ആ കുടീരത്തിൽ 'പാപത്തേക്കാൾ മരണം' എന്ന് ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. നമ്മുടെ ശരീരങ്ങളെ വിശുദ്ധവും പവിത്രവുമാക്കി കാത്തുസൂക്ഷിക്കണമെന്ന് വി. മരിയ ഗൊരേത്തിയുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. ഇന്നത്തെ ലോകത്തിൽ ശരീരത്തിൽ ആസക്തിയോടെ നോക്കുന്നത് വിജയഭാവമായി കരുതുന്നവരും ബൈക്കുകളിൽ പെൺകുട്ടികളെ ശല്യപ്പെടുത്തുന്നതു വലിയ കഴിവായി കാണുന്നവരും ബസ്സിലും തിരക്കുള്ള സ്ഥലങ്ങളിലുമൊക്കെ പെൺകുട്ടികളുടെ ശരീരത്തിൽ സ്പർശിക്കുവാനും എന്തോ വലിയ കാര്യം ചെയ്തുവെന്നു വീമ്പിളക്കുവാനും ശ്രമിക്കുന്നവരും തിരിച്ചറിയേണ്ടത് അവരും വി. മരിയ ഗൊരേത്തിയെ കുത്തിയ അലക്സാണ്ടറും തമ്മിൽ വലിയ വ്യത്യാസമില്ല എന്നുതന്നെയാണ്. തന്റെ ശാരീരികവിശുദ്ധി കാത്തുസൂക്ഷിക്കുന്നതിൽ ഈ വിശുദ്ധ കാണിച്ച ധീരത അനുകരിക്കുവാൻ എല്ലാ കൗമാരക്കാർക്കും കഴിയണം. ശരീരം ദൈവത്തിന്റെ ആലയമാണ്. പരിശുദ്ധാത്മാവിന്റെ ആലയമായ ശരീരത്തെ ദുഷ്ടതകളുടെയും ചീത്തയായ വിചാരങ്ങളുടെയും ഇരിപ്പിടമാക്കുക എന്നതു നമുക്കു ചേരാത്തതാണ്. എന്റെ സ്വന്തം ശരീരത്തെയോ മറ്റൊരാളുടെ ശരീരത്തെയോ ഞാൻ മലിനമാക്കുകയില്ല എന്ന് ഓരോ കമൗമാരക്കാരനും ദൃഢനിശ്ചയം എടുക്കേണ്ടതുണ്ട്. ദൈവം വസിക്കുന്ന ശരീരത്തിന് അതിന്റെ മഹത്ത്വം നൽകണം. ഒരാളുടെ ശരീരത്തെ നമുക്ക് ആനന്ദം കിട്ടുന്ന വസ്തുവായി തരം താഴ്ത്തുമ്പോൾ അതിൽ വസിക്കുന്ന ദൈവത്തെയാണ് നാം അപമാനിക്കുക. സ്വന്തം ശുദ്ധതയ്ക്കു ജീവനേക്കാൾ വില എന്നാണ് വി. മരിയ ഗൊരേത്തി പഠിപ്പിക്കുക. കൂട്ടുകാരോടൊത്ത് ഒളിച്ചോടുക, വിവാഹത്തിലൊരുമിക്കുന്നതിനു പകരം ചെറുപ്പത്തിന്റെ ആവേശങ്ങളിൽ എടുത്തു ചാട്ടത്തിനു മുതിരുക, എല്ലാ ലൈംഗിക ദുശ്ശീലങ്ങൾക്കും അടിമകളാവുക, മാതാപിതാക്കളെ ധിക്കരിച്ചും വിഷമിപ്പിച്ചും ശാരീരികവിശുദ്ധി നഷ്ടപ്പെടുന്നതുപോലെ അലക്ഷ്യമായി വസ്ത്രധാരണം നടത്തി മറ്റുള്ളവർക്കു ദുഷ്പ്രേരണ കൊടുക്കുക തുടങ്ങിയ രീതികളെല്ലാം വിശുദ്ധിക്ക് എതിരാണ്. മക്കളുടെ വിശുദ്ധീകരണപ്രക്രിയയിൽ മാതാപിതാക്കൾക്കു വലിയ പങ്കുണ്ട്.

വിവാഹാഭ്യർത്ഥന നിരസ്സിക്കുന്നവരെ ഇല്ലാതാക്കാനുള്ള ഒരു പ്രവണത ഈയടുത്തകാലത്ത് ഏറിവരുന്നു. വ്യക്തിയുടെ ശരീരം തകർക്കുന്നത് ശരീരത്തിന്റെ ഉടമയെ തന്നെ ചോദ്യം ചെയ്യലാണ്. സ്വന്തം ശരീരത്തെ ഉപദ്രവിക്കുന്നതും മറ്റുള്ളവരുടെ ശരീരത്തെ ഉപദ്രവിക്കുന്നതും അത്യന്തം ഗൗരവാവഹമായ തിന്മയാണ്.

ശാരീരികശുദ്ധി നഷ്ടപ്പെടുത്തുകയും ശേഷം അതു സങ്കടമായും കുറ്റബോധമായും മനസ്സിൽ നിറഞ്ഞിരിക്കുകയും ചെയ്യുന്ന ഒരാൾക്കു മുന്നിലുള്ള വഴി എന്താണ്? ഒരാളുടെ നഷ്ടപ്പെട്ട വിശുദ്ധി അയാൾക്കു തിരികെ കൊണ്ടുവരാമോ? ഈ ചോദ്യത്തിന് ഉത്തരമായി നമുക്കു മുമ്പിലുള്ള ഒരു യാഥാർത്ഥ്യത്തെ നാം തിരിച്ചറിയണം. മരിയയെ തകർക്കാൻ ശ്രമിച്ച് നിഷ്ഠൂര കൊല ചെയ്ത അലക്സാണ്ടർ തന്റെ ജീവിതത്തിൽ ദൈവത്തിലേക്കു തിരിഞ്ഞ ഒരനുഭവമുണ്ട്. ജീവിതം മുഴുവനും സന്ന്യാസാശ്രമം പോലാക്കിയ അയാൾ വിശുദ്ധിയുടെ പുതിയ വഴിതേടി.

അലക്സാണ്ടർ മരിയ ഗൊരേത്തിയുടെ അടുക്കൽ പലപ്പോഴും ചെന്നിരുന്നു. പൊതുവേ അയാൾ മദ്യപനും മാനസികവൈകല്യവുള്ളവനുമായി കരുതപ്പെട്ടിരുന്നതുകൊണ്ട് അയാളുടെ സാന്നിദ്ധ്യത്തിൽ നിന്ന് പലപ്പോഴും മരിയ ഒഴിഞ്ഞുമാറിയിരുന്നു. പിന്നീടു നടത്തിയ പരിശോധനകളിൽ അലക്സാണ്ടറിനു മാനസികവൈകല്യം ഇല്ല എന്നു കണ്ടെത്തുകയും അയാളെ നിയമം ജയിലിൽ അടയ്ക്കുകയും ചെയ്തു.

1929ൽ ജയിൽ ശിക്ഷ കഴിഞ്ഞിറങ്ങിയ അയാൾ 1934ലെ ക്രിസ്തുമസ്സ് രാവിൽ മരിയ ഗൊരേത്തിയുടെ അമ്മയുടെ മുമ്പിൽ മുട്ടുകുത്തി ക്ഷമ ചോദിച്ചു. "മരിയ നിന്നോടു പണ്ടേ ക്ഷമിച്ചല്ലോ, പിന്നെ എങ്ങനെ എനിക്കതിനു കഴിയാതിരിക്കും?" ഇതായിരുന്നു ആ അമ്മയുടെ മറുപടി. അലക്സാണ്ടർ സെറിനെല്ലി ഏതാനും നാളുകൾക്കുശേഷം ഒരു കപ്പൂച്ചിൻ ആശ്രമത്തിൽ അവരുടെ തോട്ടക്കാരനായി ചേർന്നു. താമസിയാതെ അദ്ദേഹത്തെ അവർ സഭയിലെ ഒരു സഹോദരനായി സ്വീകരിച്ചു. മരിയ ഗൊരേത്തിയെ വിശുദ്ധയാക്കിയ ചടങ്ങിൽ അലക്സാണ്ടർ സംബന്ധിച്ചിരുന്നതായി പറയപ്പെടുന്നു. 80 വയസ്സുവരെയുള്ള ജീവിതത്തിന്റെ അവസാന നാളുകളിൽ അയാൾ ഇപ്രകാരം എഴുതി:

"എന്റെ ജീവിതത്തിലേക്കു ഞാൻ തിരിഞ്ഞു നോക്കുമ്പോൾ, എന്റെ ചെറുപ്പകാലത്ത് ഞാൻ തിരഞ്ഞെടുത്ത പാത തെറ്റായിരുന്നുവെന്നു ഞാൻ കാണുന്നു. 20-ാം വയസ്സിൽ ഞാൻ എന്റെ ആഗ്രഹപൂർത്തീകരണത്തിനായി ഒരു തെറ്റു ചെയ്തു. ഇപ്പോൾ അതിനെക്കുറിച്ചു ചിന്തിക്കുമ്പോൾ അതു വളരെ ഭയാനകമായി തോന്നും. ഇപ്പോൾ വിശുദ്ധയായിരിക്കുന്ന മരിയ ഗൊരേത്തി, അവൾ അന്നേ ഒരു മാലാഖയായിരുന്നു. എന്റെ ഹൃദയത്തിൽ അവളുടെ വാക്കുകൾ ഇപ്പോഴും തങ്ങിനിൽക്കുന്നു. അവളെ നശിപ്പിക്കാൻ ശ്രമിച്ച എനിക്കു വേണ്ടിയാണ് അവൾ അവസാന മദ്ധ്യസ്ഥപ്രാർത്ഥന ഈ ഭൂമിയിൽ വച്ചു നടത്തിയത്. അത് എന്റെ മാത്രം തെറ്റായിരുന്നു. അവൾ സ്വർഗ്ഗത്തിലെത്തി എന്റെ മാലാഖയായി, പിന്നീടുള്ള ജീവിതത്തിൽ പശ്ചാത്താപത്തോടെ ജീവിക്കുവാൻ എനിക്കിടയാക്കി. ഒടുവിൽ അയോഗ്യനായ എനിക്ക് കപ്പൂച്ചിൻ സഭയിൽ ഒരു സഹോദരനായി ജീവിക്കാനും അവൾ ഇടയാക്കി. ഇതാ ഇപ്പോൾ ഞാനും സ്വർഗ്ഗീയ പിതാവിനെ കാണാൻ ഒരുങ്ങുന്നു. അതിനു തൊട്ടടുത്ത് എന്റെ മാലാഖയെയും അവളുടെ അമ്മയെയും എന്റെ പ്രിയപ്പെട്ടവരെയും കാണാൻ ഞാൻ ഒരുങ്ങുന്നു".

**"ഞാനീ എഴുത്ത് എഴുതുന്നത് വരും തലമുറയിലെ ചെറുപ്പക്കാർക്ക് ഒരു പാഠം പങ്കുവയ്ക്കാനാണ്. തിന്മയെ ഒഴിവാക്കുക; പ്രമാണങ്ങൾ നമ്മുടെ ജീവിതത്തിന്റെ സുരക്ഷയാണ്. നിത്യജീവിതത്തിലേക്കുള്ള യാത്രയിൽ ദൈവകല്പനകൾ നമുക്കനിവാര്യമാണ്."**



# അഡ്ജസ്റ്റ്മെന്റ് ഇല്ലാതെ


**മെർലിറ്റ് അഞ്ചാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**


**ചെ**റിയ ചെറിയ നേട്ടങ്ങൾക്കായി ഒരുപാട് അഡ്ജസ്റ്റുമെന്റുകൾ നടക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. തനിക്ക് നഷ്ടപ്പെടാൻ ഏറെയുണ്ടെന്ന ചിന്തയിൽ സ്വന്തം കാര്യങ്ങൾ യാതൊരു കുറവും കൂടാതെ നടന്നുകിട്ടാൻ വേണ്ടി ആരോടും എന്തിനോടും ഏതിനോടും പൊരുത്തപ്പെട്ട് അവസാനം സ്വയം നഷ്ടപ്പെടുത്തുന്നവർ ഇന്നു ധാരാളമുണ്ട്. എല്ലാവരെയും എല്ലാറ്റിനെയും തൃപ്തിപ്പെടുത്തി ജീവിക്കാൻ പരിശ്രമിക്കുന്നതുമൂലം സത്യത്തെ ഉപേക്ഷിക്കാൻ അവർ നിർബന്ധിതരാകുന്നു. എല്ലാവർക്കും ഇഷ്ടപ്പെട്ടതുമാത്രം പറയാൻ വേണ്ടി ജീവിതം മാറ്റി വയ്ക്കുന്നു. തന്മൂലം സത്യം മറയ്ക്കപ്പെടുന്നു. അപ്രിയ സത്യങ്ങൾ തുറന്നു പറയുവാനുള്ള ആർജ്ജവം കാണിച്ചവനാണ് ഈശോമിശിഹാ. അതുകൊണ്ടു തന്നെ ഈശോ ജീവിച്ച സമൂഹത്തിലെ നേതാക്കന്മാർക്കും പ്രമുഖന്മാർക്കും അവൻ ഒരു വെല്ലുവിളിയായിരുന്നു. തല ചായ്ക്കാൻ ഇടം കിട്ടിയില്ലെങ്കിലും ജീവിതം തന്നെ നഷ്ടമായാലും ഈശോയ്ക്കു പറയാനുള്ളത് ഒന്നു മാത്രമേയുള്ളൂ: "ശരീരത്തെ കൊല്ലുന്നതിൽ കവിഞ്ഞ് ഒന്നും ചെയ്യാൻ കഴിയാത്തവരെ നിങ്ങൾ ഭയപ്പെടേണ്ട". അതിനർത്ഥം എല്ലാറ്റിനോടും സമരസപ്പെട്ടു പോകുന്നില്ലെങ്കിൽ നിങ്ങൾക്കു പരമാവധി സംഭവിക്കുന്നതു മരണമാണ്, അതിന്റെ മുമ്പിലും തലയുയർത്തി നിൽക്കാൻ സാധിക്കുമെങ്കിൽ അതാണ് മിശിഹായുടെ ശിഷ്യന്റെ മുഖമുദ്രയായി മാറേണ്ടത് എന്നാണ്.

“ലോകത്തിൽ ഏതു
ജീവിതസാഹചര്യത്തിൽ
ആയിരുന്നാലും
ഈശോയുടെ
ശബ്ദവും സാക്ഷിയും
ആയിരിക്കുക”
(ദൈവദാസൻ വില്യം ജക്വീന്താ)




ഈശോയുടെ ഉത്ഥാനശേഷം അവിടുത്തെ ശിഷ്യന്മാർ ധൈര്യത്തോടെ തങ്ങളുടെ ഗുരുവിന്റെ മാർഗ്ഗം പിന്തുടർന്ന് വചനത്തിനു സാക്ഷികളായതിന്റെ ശേഷിപ്പുകളാണല്ലോ ശ്ലീഹാക്കാലത്തിൽ നമ്മുടെ ധ്യാനത്തിനു വിഷയം. സർവ്വവും പരിത്യജിച്ച് ലോകമെങ്ങും ചുറ്റി നടന്ന് തങ്ങൾ അനുഭവിച്ചറിഞ്ഞതും തൊട്ടതുമായ ദൈവസ്നേഹത്തെക്കുറിച്ച് വിളിച്ചുപറഞ്ഞ് അവർ നടന്നു - സത്യം ദൈവമാണെന്ന തിരിച്ചറിവോടെ. അതിന് അവർ നേരിടേണ്ടിവന്ന കൊടിയ പരീക്ഷണങ്ങളും പീഡനങ്ങളും മിശിഹായെപ്രതി സഹിക്കാൻ അവർക്കു കഴിഞ്ഞത് “നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും എന്റെ സുവിശേഷം അറിയിക്കുവിൻ” എന്ന അവിടുത്തെ ആഹ്വാനം അവർ ശിരസ്സാ വഹിച്ചതുകൊണ്ടാണ്. ഈശോ തന്നെ അയച്ചവന്റെ - പിതാവിന്റെ - ഹിതം നിറവേറ്റിയവനാണ്. അങ്ങനെയെങ്കിൽ ഈശോയെ അനുഗമിക്കുന്നവന്റെ കടമയും മറ്റൊന്നല്ല; തന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റുകയാണ്.

ഈശോയുടെ വചനങ്ങൾ എക്കാലവും വിമർശന വിധേയമാണ്. സത്യത്തിന്റെ വഴിയിലൂടെ ചരിക്കുന്നവരെല്ലാം അവന്റെ വചനം ശ്രവിക്കുന്നു. വളരെ പരിമിതമായ വർഷങ്ങൾ മാത്രമുള്ള നമ്മുടെ ഈ ജീവിതത്തിൽ മനഃസാക്ഷിയിൽ കറയില്ലാതെ എവിടെയും എല്ലായ്പോഴും സത്യസന്ധമായി പ്രവർത്തിക്കുവാനും സംസാരിക്കുവാനും നമുക്കു സാധിക്കണമെങ്കിൽ എല്ലാറ്റിനോടുമുള്ള അഡ്ജസ്റ്റ്മെന്റ് ഒഴിവാക്കിയേ പറ്റൂ. സത്യം സംസാരിക്കുന്നവനെ സമൂഹം ഒറ്റപ്പെടുത്തും, കല്ലെറിയും. എന്നാൽ “സിനഗോഗുകളിലും ഭരണാധികാരികളുടെ മുമ്പിലും നിങ്ങളെ കൊണ്ടുപോകുമ്പോൾ നിങ്ങൾ ഭയപ്പെടേണ്ട, ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിങ്ങൾ പറയേണ്ട കാര്യങ്ങൾ അപ്പോൾ നിങ്ങളെ പഠിപ്പിക്കും” എന്ന കർത്താവിന്റെ വചനങ്ങൾ നമ്മുടെ കർമ്മവഴികളിൽ ശക്തി പകരട്ടെ. മറ്റുള്ളവർക്ക് ഇഷ്ടമുള്ളതല്ല, പ്രത്യുത ദൈവഹിതം എന്തെന്നു പറയുക; അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം. അങ്ങനെ ഈ ലോകത്തിൽ ഈശോമിശിഹായുടെ ശബ്ദമായി സത്യവചനമായ അവിടുത്തേക്കു നിർഭയം സാക്ഷ്യം നൽകാൻ നമുക്കു സാധിക്കട്ടെ.

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിലെ ശ്ലീഹാക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. നമുക്കറിയാവുന്നതുപോലെ ഉയിർപ്പിനുശേഷം അമ്പതാം ദിവസം വരുന്ന പന്തക്കുസ്താത്തിരുനാൾ മുതലുള്ള ഏഴ് ആഴ്ചകളാണ് ശ്ലീഹാക്കാലം എന്ന പേരിലറിയപ്പെടുന്നത്. പന്തക്കുസ്താദിനത്തിൽ ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവ് എഴുന്നള്ളി വന്നതിനെത്തുടർന്ന് ദൈവാത്മാവിനാൽ പൂരിതരായ ശ്ലീഹന്മാർ തങ്ങൾക്കു ലഭിച്ച മിശിഹാനുഭവവുമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു പുറപ്പെടുകയും സുവിശേഷം പ്രഘോഷിക്കുകയും ക്രൈസ്തവസഭാസമൂഹങ്ങൾക്ക് രൂപം കൊടുക്കുകയും ചെയ്തു. ശ്ലീഹാ എന്ന വാക്കിന്റെ അർത്ഥം 'അയയ്ക്കപ്പെട്ടവൻ' എന്നാണ്. മാമോദീസാ, തൈലാഭിഷേകം, പരിശുദ്ധ കുർബാന എന്നീ കൂദാശകളിലൂടെ പരിശുദ്ധാത്മാവിനെ സ്വീകരിച്ചവരും, പരിശുദ്ധ കുർബാനാഘോഷത്തിലൂടെ നിരന്തരം പരിശുദ്ധാത്മസ്വീകരണം നടത്തുന്നവരുമായ ക്രൈസ്തവരെല്ലാവരും സുവിശേഷവാഹകരും സുവിശേഷപ്രഘോഷകരുമാണെന്ന യാഥാർത്ഥ്യം നാം ദൈവജനത്തെ ഓർമ്മിപ്പിക്കണം. പരിശുദ്ധാത്മാവിന്റെ ആലയങ്ങളായ ക്രൈസ്തവരെല്ലാം സുവിശേഷപ്രഘോഷകരും സാക്ഷികളുമാകേണ്ടത് മുഖ്യമായും കുടുംബങ്ങളിലും അവരുടെ ജോലിസ്ഥലങ്ങളിലുമാണെന്ന് അവരെ അനുസ്മരിപ്പിച്ച് അജപാലനശുശ്രൂഷ നിർവഹിക്കുവാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം. പ്രാർത്ഥനാശംസകളോടെ,

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

2022 ഏപ്രിൽ 19-20 തീയതികളിൽ അപ്പസ്തോലിക് സൊദാലസിന്റെ മീറ്റിംഗ് സ്പിരിച്ചാലിറ്റി സെന്ററിൽവച്ച് നടത്തുകയുണ്ടായി. അംഗങ്ങളുടെ സാന്നിദ്ധ്യം കുറഞ്ഞു പോയതിന്റെ പശ്ചാത്തലത്തിൽ, തുടർന്നുവരുന്ന സെനക്കിൾ മീറ്റിംഗുകൾ നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 4 മണിവരെ നടത്താമെന്ന് തീരുമാനമെടുത്തു. സെനക്കിൾ ആസ്പിരൻസിന്റെ മീറ്റിംഗ് ഏപ്രിൽ 21-ാം തീയതി ഓൺലൈനായിത്തന്നെ നടത്തി. പതിവുപോലെ മല്പാനച്ചൻ കോൺസ്റ്റിറ്റ്യൂഷന്റെ വ്യാഖ്യാനാടിസ്ഥാനത്തിൽ ക്ലാസ് നയിക്കുകയുണ്ടായി. മെയ് മാസത്തെ മീറ്റിംഗുകൾ രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ സ്പിരിച്ചാലിറ്റി സെന്ററിൽവച്ച് നടത്താമെന്നും തീരുമാനിച്ചു. അതനുസരിച്ച് സൊദാലെസിന്റെ മീറ്റിംഗ് മെയ് 16 നും ആസ്പിരൻസിന്റെ മീറ്റിംഗ് മെയ് 17 നും നടത്തുന്നതാണ്. താമരശ്ശേരി രൂപതയിലെ ആസ്പിരൻസിന്റെ മീറ്റിംഗ് മെയ് 19 ന് ഓൺലൈനായിത്തന്നെ നടത്തും.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.




# സംവാദവും സൗഹൃദവും

റവ.ഡോ. തോമസ് വടക്കേൽ
പാലാ രൂപത

ഫ്രത്തേല്ലി തൂത്തിയുടെ ആറാമത്തെ അദ്ധ്യായത്തിൽ ഫ്രാൻസിസ് പാപ്പാ വിശദീകരിക്കുന്നത് യഥാർത്ഥ സംവാദത്തെക്കുറിച്ചും സൗഹൃദത്തെക്കുറിച്ചുമാണ്. അനേകരുടെ ക്ഷമാപൂർവ്വകമായ സംവാദത്തിലൂടെയാണ് സൗഹൃദപരമായ ഒരു ലോകം സൃഷ്ടിക്കപ്പെടുന്നത്. വിയോജിപ്പിലും സംഘർഷത്തിലും നിന്നു വ്യത്യസ്തമായി, 'നിരന്തരവും ധീരവുമായ സംഭാഷണം' വളരെ മെച്ചപ്പെട്ട ഒരു ജീവിതം നയിക്കുവാൻ ലോകത്തെ സഹായിക്കും.

സത്യത്തോടു തുറവ് പുലർത്തിക്കൊണ്ട്, കൊടുക്കാനും വാങ്ങാനും സന്നദ്ധതയുള്ള ഒരു സംവാദമാണ് ഇന്ന് അനിവാര്യമായിരിക്കുന്നത്. ഒരു രാജ്യം പുഷ്ടിപ്പെടുന്നത് അതിന്റെ എല്ലാ തലങ്ങളിലും ആരോഗ്യപരമായ സർഗ്ഗാത്മകസംവാദം നടക്കുമ്പോഴാണ്. അപ്പോഴാണ് ഒരു നവീന സംസ്കാരംതന്നെ രൂപപ്പെടുന്നത്.

ശരിയായ സംവാദത്തിനു ചില പ്രതിബന്ധങ്ങൾ ഉണ്ടാകാറുണ്ട്. മാധ്യമങ്ങളുടെ വസ്തുതകളുടെയും അഭിപ്രായങ്ങളുടെയും ശബ്ദായമാനമായ അവസ്ഥ യഥാർത്ഥ സംവാദത്തിന് തടസ്സം നിൽക്കാറുണ്ട്. കൂടുതൽ ആഴത്തിലുള്ള തലത്തിൽ ഒരു യോജിപ്പുണ്ടാകുക എന്ന ലക്ഷ്യത്തോടുകൂടെ 'ആദരപൂർണ്ണമായ ഒരു സംവാദ'മാണ് സംജാതമാകേണ്ടത്. എന്നാൽ തങ്ങ

ളുടെ സ്വന്തം ആശയങ്ങളോടും താല്പര്യങ്ങളോടും തീരുമാനങ്ങളോടും ചേർന്നു നിൽക്കാൻ ഒരു വിഭാഗം ശാഠ്യം പിടിക്കുമ്പോൾ അവിടെ യഥാർത്ഥ സംവാദം നടക്കുന്നില്ല. സംവാദത്തിന്റെ തുടക്കംമുതൽ എതിരാളികളെ അപകീർത്തിപ്പെടുത്തുന്നതും അപമാനിക്കുന്നതും ശരിയായ നടപടിയല്ല.

എല്ലാ സംവാദങ്ങളിലും 'പൊതുനന്മ'യായിരിക്കണം ലക്ഷ്യം. വ്യക്തിഗത താല്പര്യങ്ങൾ സംരക്ഷിക്കാനോ, സ്വന്തം ആശയങ്ങളെ അടിച്ചേൽപിക്കാൻ വേണ്ടിയോ ആകരുത് സംവാദ സമ്മേളനങ്ങൾ. വ്യക്തിപരമായ ഇഷ്ടം മാറ്റിവച്ച് പൊതുനന്മയ്ക്കുവേണ്ടിയുള്ള പരിശ്രമങ്ങളിൽ എല്ലാവരും സഹകരിക്കണം. യഥാർത്ഥ സംവാദം അപ്രകാരമുള്ളതാണ്.

ആധികാരികമായ സാമൂഹികസംവാദത്തിൽ അപരന്റെ വീക്ഷണത്തെ ആദരിക്കേണ്ടതുണ്ട്. അപരന്റെ വീക്ഷണത്തിൽ അവന്റെ ബോധ്യങ്ങളും താല്പര്യങ്ങളും ഉൾപ്പെട്ടേക്കാം എന്ന് നാം അംഗീകരിക്കേണ്ടതുണ്ട്. അപരർക്കും അവരുടെ തനിമയും അനുഭവവും അടിസ്ഥാനമാക്കി അവരുടേതായ സംഭാവനകൾ നൽകാനുണ്ടാവും. ഫലപ്രദമായ ഒരു പൊതു സംവാദത്തിൽ അവരവരുടെ നിലപാടുകൾ വ്യക്തമാക്കേണ്ടതുണ്ട്. ഓരോരുത്തരും അവരുടെ ചിന്തകളിൽ ഉറച്ചുനിൽക്കുകയും അവരുടെ മൂല്യങ്ങളും ബോധ്യങ്ങളും പ്രതിരോധിക്കുകയും ചെയ്യാറുണ്ട്.

യഥാർത്ഥമായ സംവാദത്തിൽ അന്യരോടു കൂടുതൽ തുറവുണ്ടാകേണ്ടതുണ്ട്. മറ്റുള്ളവർ പറയുന്നതിനെ നമ്മുടെ സ്വന്തം ബോധ്യമായി അംഗീകരിക്കാൻ സാധിക്കുന്നില്ലെങ്കിൽ പോലും, അവർ പറയുന്നതിന്റെ പ്രാധാന്യത്തെ നാം മനസ്സിലാക്കേണ്ടതുണ്ട്. നമ്മുടെ ബോധ്യങ്ങളെക്കുറിച്ചു നാം കാപട്യമില്ലാത്തവരാകണം; ഒപ്പം തുറന്ന മനഃസ്ഥിതിയുള്ളവരുമാകണം. വ്യത്യസ്തതകൾ സർഗ്ഗാത്മകമാണ്. അവ പിരിമുറുക്കം സൃഷ്ടിക്കും. അതു സംവാദത്തിലൂടെ പരിഹരിക്കുമ്പോൾ മനുഷ്യവർഗ്ഗത്തിനു പുരോഗതിയുണ്ടാവും. ഏതൊരു അഭിപ്രായ സമന്വയത്തിലും ധാർമ്മികമൂല്യങ്ങളെയും സത്യങ്ങളെയും തമസ്കരിക്കുവാൻ പാടില്ല. സഹിഷ്ണുതയുടെ കപടവേഷത്തിൽ ആപേക്ഷികതാവാദം ഉന്നയിക്കുന്നത് അഭിലഷണീയമല്ല. സത്യത്തോടു താല്പര്യമുണ്ടായിരിക്കുകയും മാനുഷിക അന്തസ്സിന്റെ നന്മയെ ആദരിക്കുകയും ചെയ്യുന്നതാവണം സംവാദത്തിന്റെ ശൈലി. സത്യം കൗശലപൂർവ്വം കൈകാര്യം ചെയ്യപ്പെടാനും വക്രീകരിക്കപ്പെടാനും ഒളിച്ചുവയ്ക്കപ്പെടാനുമുള്ള അവസരങ്ങൾ ഇവിടെ ഉണ്ടാകരുത്.

സംഭാഷണങ്ങളിലൂടെ അഭിപ്രായ സമവായങ്ങൾ രൂപപ്പെടും. എല്ലായ്പോഴും സ്ഥിരീകരിക്കപ്പെടേണ്ടതും ബഹുമാനിക്കപ്പെടേണ്ടതും എന്താണെന്നു തിരിച്ചറിയാനുള്ള ഏറ്റം നല്ല മാർഗ്ഗം സംഭാഷണമാണ്. സംഭാഷണങ്ങളെല്ലാം സമ്പന്നമാകുകയും ദീപ്തമാകുകയും ചെയ്യേണ്ടത് യുക്തിപൂർവ്വകമായ വാദമുഖങ്ങളിലൂടെയും സ്പഷ്ടമായ ചിന്തകളിലൂടെയും വൈവിധ്യമാർന്ന വീക്ഷണങ്ങളും അഭിപ്രായങ്ങളും ഉൾക്കൊള്ളുന്നതിലൂടെയുമാണ്.

അഭിമുഖീകരണത്തിന്റെ ഒരു പുതിയ സംസ്കാരം ഇന്നു സംജാതമാകേണ്ടതുണ്ടെന്ന സത്യം ഫ്രാൻസിസ് മാർപാപ്പ ഇവിടെ ഓർമ്മിപ്പിക്കുന്നു. ജീവിതത്തിൽ ഒരുപാടു വ്യത്യസ്തതകളും ഭിന്നതകളുമുണ്ട്. അതിന്റെയൊക്കെ അപ്പുറത്തേക്ക് പോകുന്ന ഒരു 'അഭിമുഖീകരണത്തിന്റെ സംസ്കാരം' ഉണ്ടാകേണ്ടതുണ്ട്. ഏതു തരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങളുടെയും ഭിന്നതകളുടെയുമിടയിലും പരസ്പരം പരിപോഷിപ്പിക്കുകയും സമ്പന്നമാക്കുകയും അന്യോന്യം ദീപ്തമാക്കുകയും ചെയ്യുന്ന വ്യത്യസ്തതകളെ അഭിമുഖീകരിക്കണം. നമ്മിൽ ഓരോരുത്തർക്കും മറ്റുള്ളവരിൽനിന്നു ചിലതു പഠിക്കുവാൻ സാധിക്കും. ആരും ഉപയോഗ്യശൂന്യരല്ല; ആരും നശിപ്പിക്കപ്പെടേണ്ടവരുമല്ല.



# സാംസൺ

ഷിജി പറപ്പള്ളിയാത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഇസ്രായേൽജനത്തിന്റെ ചരിത്രത്തിൽ ദൈവത്തിൽനിന്ന് അകന്ന് അന്യദൈവത്തിലേക്ക് ചേക്കേറി ശിക്ഷകൾ സ്വയം ഏറ്റെടുക്കുന്ന ജനത്തിന്റെ നിലവിളിക്കുമുമ്പിൽ ശക്തരായ ന്യായാധിപന്മാർ ഉയിർത്തെഴുന്നേല്ക്കാറുണ്ട്. അങ്ങനെയുള്ള യുദ്ധവീരന്മാരിൽ ശക്തനായ ഒരാളാണ് സാംസൺ. സാംസൺ എന്ന പദത്തിന് അർത്ഥം "സൂര്യനെപ്പോലെയുള്ളവൻ" എന്നാണ്. ഫിലിസ്ത്യരുടെ കൈകളിൽനിന്ന് ഇസ്രായേൽ ജനത്തെ വിമോചിപ്പിച്ച ശക്തനും ധീരനുമായ യോദ്ധാവായിരുന്നു സാംസൺ.

സോറായിൽ ദാൻ ഗോത്രക്കാരനായ മനോവയുടെ പുത്രനായിരുന്നു സാംസൺ (ന്യായാ 13,2-24). മനോവയുടെ വന്ധ്യയായ ഭാര്യയ്ക്ക് കർത്താവിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ടു പറഞ്ഞു: "നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അതുകൊണ്ട് നീ സൂക്ഷിക്കണം. വീഞ്ഞോ വീര്യമുള്ള പാനീയങ്ങളോ കുടിക്കരുത്. അശുദ്ധമായതൊന്നും ഭക്ഷിക്കുകയുമരുത്. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവന്റെ തലയിൽ ക്ഷൗരക്കത്തി തൊടരുത്. അവൻ ജനനം മുതൽ ദൈവത്തിനു നാസീർവ്രതക്കാരനായിരിക്കും. അവൻ ഫിലിസ്ത്യരുടെ കയ്യിൽനിന്ന് ഇസ്രായേൽ ജനത്തെ വിടുവിക്കാൻ ആരംഭിക്കും" (ന്യായാ 13,3-5). സാംസൺ കർത്താവിന് പ്രീതിപാത്രമായി വളർന്നു. സോറായ്ക്കും എഷ്താവോലിനും മധ്യേയുള്ള മഹനേദാനിൽവച്ച് കർത്താവിന്റെ ആത്മാവ് അവനിൽ പ്രവർത്തിച്ചു തുടങ്ങി (ന്യായാ 13,25).

യുദ്ധം ചെയ്യുക സാംസനെ സംബന്ധിച്ച് ഒരു വിനോദമായിരുന്നു. രാക്ഷസനുചേർന്ന ശരീരവും ഉറുമ്പിനു ചേർന്ന ബുദ്ധികൂർമ്മതയും മാത്രമാണ് അവന് സ്വന്തമായുണ്ടായിരുന്നത്. ഒരിക്കൽ അവൻ തന്റെ കൈകൾ കൊണ്ട് ഒരു സിംഹത്തെ കൊന്നു. ആയിരക്കണക്കിന് ഫിലിസ്ത്യരെ കഴുതയുടെ താടിയെല്ലുകൊണ്ട് വധിച്ചു. മുന്നൂറ് കുറുനരികളെ പിടിച്ച് ഈരണ്ടെണ്ണത്തിനെ വാലോടുവാൽ ചേർത്തുകെട്ടി, അവയ്ക്കിടയിൽ കത്തുന്ന പന്തവും വച്ചുകെട്ടി ഫിലിസ്ത്യരുടെ വയലേലകളിലേക്ക് ഓടിച്ചുവിട്ട് വിളവുകളെല്ലാം അഗ്നിക്കിരയാക്കി. ഗാസാ പട്ടണവാതിൽ കട്ടിളയോടെ പറിച്ചെടുത്ത് തോളിൽവച്ച് ഹെബ്രോന്റെ മുമ്പിലുള്ള മലമുകളിലേക്ക് പോയി. അങ്ങനെ നോക്കുമ്പോൾ ശാരീരിക ബലത്താൽ ആർക്കും കീഴടക്കാനാകാത്ത വ്യക്തിയായിരുന്നു സാംസൺ. ബൈബിളിലെ ഹെർകുലീസ് എന്നവനെ വിശേഷിപ്പിക്കാം. ഫിലിസ്ത്യരോടുള്ള കുടിപ്പക വ്യക്തിപരമായി അവനിൽ തെളിഞ്ഞു കാണാമായിരുന്നു. സമർത്ഥരായ യൂദാ ഗോത്രക്കാർ യുദ്ധമുന്നണിയിൽ നിന്ന് പിന്തിരിഞ്ഞോടിയപ്പോൾ സാംസൺ തനിയെ നിന്ന് പോരാടി. മറ്റുള്ളവർ ദൈവത്തെ ഉപേക്ഷിച്ച് വിഗ്രഹങ്ങളിലേക്ക് തിരിഞ്ഞപ്പോൾ അവൻ ദൈവത്തെ മുറുകെ പിടിച്ച് ആരാധിച്ചു.

സാംസന്റെ ശക്തിയുടെ രഹസ്യം ക്ഷൗരക്കത്തി സ്പർശിക്കാത്ത അവന്റെ തലയിലെ മുടിച്ചുരുളുകളായിരുന്നു. ജനനംമുതൽ ദൈവത്തിനു സ്വയം സമർപ്പിച്ചതിന്റെ പ്രതീകം. എന്നാൽ ദൈവവുമായുള്ള സമർപ്പണത്തിന്റെ ബന്ധം വിച്ഛേദിച്ചപ്പോൾ അവൻ ബലഹീനനാകുന്നത് നാം കാണുന്നുണ്ട്. അതികായകനായിരുന്നു സാംസൺ. എങ്കിലും വെറുമൊരു സ്ത്രീയുടെ സൗന്ദര്യം അവനെ കീഴടക്കി. അബിമെലെക്കിനെ ഒരു സ്ത്രീ വധിച്ചുവെങ്കിൽ സാംസനെ ഒരു സ്ത്രീ വശീകരിച്ച് കീഴടക്കി. വൈരുദ്ധ്യങ്ങളുടെ മനുഷ്യനായിരുന്നു അവൻ. കർത്താവിന്റെ ആത്മാവിനാൽ നിറഞ്ഞവനെങ്കിലും ജഡികാസക്തിക്ക് വിധേയപ്പെട്ടവൻ. സ്ത്രീകളിൽ ഏറ്റം തരംതാണവളായ ദലീല എന്ന ഫിലിസ്ത്യാക്കാരിയുടെ സൗന്ദര്യത്തിന്റെ വഞ്ചന സാംസനെ അന്ധതയിലേക്കും ബന്ധനത്തിലേക്കും മരണത്തിലേക്കും നയിച്ചു. അവൾ സ്നേഹം നടിച്ച് അവനിലെ അജയ്യശക്തിയുടെ ഉറവിടം അറിയും വരെ സ്ത്രീഭാവം പുലർത്തി. മൂന്നു പ്രാവശ്യം അവൻ തന്റെ ശക്തിയുടെ രഹസ്യം മറച്ചുവച്ചു. എന്നാൽ അവളുടെ നിരന്തരനിർബന്ധത്തിന് വഴങ്ങി സാംസൺ തന്റെ ശക്തിയുടെ രഹസ്യം വെളിപ്പെടുത്തി. "ക്ഷൗരക്കത്തി എന്റെ തലയിൽ സ്പർശിച്ചിട്ടില്ല. ജനനംമുതലേ ഞാൻ ദൈവത്തിനു നാസീർവ്രതക്കാരനാണ്. മുടിവെട്ടിയാൽ എന്റെ ശക്തി നഷ്ടപ്പെട്ട് ഞാൻ മറ്റു മനുഷ്യരെപ്പോലെയാകും" (ന്യായാ 16,17). അവൾ അവനെ മടിയിൽ കിടത്തി ഉറക്കിയശേഷം ക്ഷൗരക്കാരനെ വിളിച്ച് അവന്റെ തലയിലെ ഏഴു മുടിച്ചുരുളുകളും മുറിച്ചുകളഞ്ഞു. അതിനുശേഷം അവനെ അസഹ്യപ്പെടുത്താൻ തുടങ്ങി. അവന്റെ ശക്തി അവനെ വിട്ടുപോയി അവനെ വിട്ടുപോയിരുന്നു. ഫിലിസ്ത്യർ അവന്റെ കണ്ണു ചൂഴ്ന്നെടുത്ത് ഓട്ടുചങ്ങലയിൽ ബന്ധിച്ച് കാരാഗൃഹത്തിലാക്കി, മാവുപൊടിക്കുന്ന ജോലിയിൽ ഏർപ്പെടുത്തി. അധമവികാരങ്ങളുടെ വേലിയേറ്റങ്ങളിൽ അമർന്നുപോയ ഒരു ജനനായകനായിരുന്നു സാംസൺ. യഹൂദർക്ക് പ്രത്യേകിച്ച് നാസീർവ്രതക്കാർക്ക് നിഷിദ്ധമായിരുന്ന വിജാതീയ സ്ത്രീകളുമായുള്ള ബന്ധം അവനെ ദൈവത്തിന്റെ അപ്രീതിക്കു പാത്രമാക്കി. അവനിലെ മൃഗീയവികാരങ്ങളുടെ ആധിക്യം ആത്മീയ ചൈതന്യത്തെ അടിമപ്പെടുത്തി.

തിമ്നായിൽ ഫിലിസ്ത്യ പ്രഭുക്കന്മാർ തങ്ങളുടെ ദേവനായ ദാഗോന് ഒരു വലിയ ബലി കഴിച്ച് സന്തോഷിക്കാൻ ഒരുമിച്ചുകൂടി. അവർ തങ്ങളുടെ ശത്രുവായ സാംസനെ കാരാഗൃഹത്തിൽനിന്നു കൊണ്ടുവന്ന് അഭ്യാസം പ്രകടിപ്പിക്കാൻ നിർത്തി. അവന്റെ ശക്തിപ്രകടനം കാണാൻ ഫിലിസ്ത്യർ ഒന്നടങ്കം ഒത്തുകൂടി. തൂണുകൾക്കിടയിൽ അവനെ നിർത്തി. കൈയ്ക്കുപിടിച്ചി

രുന്ന ബാലനോട് അവൻ പറഞ്ഞു. ഒന്നു ചാരിനിൽക്കാൻ കെട്ടിടത്തിന്റെ തൂണുകൾ എവിടെയെന്ന് ഞാൻ തപ്പിനോക്കട്ടെയെന്ന്. "സാംസൺ കർത്താവിനെ വിളിച്ചപേക്ഷിച്ചു. ദൈവമായ കർത്താവേ, എന്നെ ഓർക്കണമേ! ഞാൻ നിന്നോട് പ്രാർത്ഥിക്കുന്നു. എന്നെ ശക്തനാക്കണമേ! ഞാൻ നിന്നോട് ഇപ്രാവശ്യംകൂടി യാചിക്കുന്നു. എന്റെ കണ്ണുകളിൽ ഒന്നിന് ഫിലിസ്ത്യരോടു പ്രതികാരം ചെയ്യാൻ എന്നെ ശക്തിപ്പെടുത്തണമേ!" (ന്യായാ 6,28). കെട്ടിടം താങ്ങിനിർത്തിയിരുന്ന രണ്ടു തൂണുകളിലും അവൻ പിടിച്ച് തള്ളി. സർവ്വശക്തിയുമുപയോഗിച്ച് അവൻ കുനിഞ്ഞു. കെട്ടിടം തകർന്ന് അവനുൾപ്പെടെ അവിടെ ഉണ്ടായിരുന്ന പ്രഭുക്കന്മാരുടെയും മറ്റാളുകളുടെയും മേൽ വീണു. മരണസമയത്ത് അവൻ കൊന്നവർ ജീവിച്ചിരിക്കുമ്പോൾ കൊന്നവരേക്കാൾ അധികമായിരുന്നു. സഹോദരന്മാരും കുടുംബക്കാരും അവന്റെ ശരീരം കൊണ്ടുപോയി സോറായ്ക്കും എഷ്താവോലിനും ഇടയ്ക്ക് പിതാവായ മനോവയുടെ ശവകുടീരത്തിൽ സംസ്കരിച്ചു. ഇരുപതുവർഷം അവൻ ഇസ്രായേലിൽ ന്യായപാലനം നടത്തി.

### സാംസൺ തരുന്ന പാഠങ്ങൾ

* ***ദൈവത്തോടുള്ള സമർപ്പണത്തിന്റെ മൂല്യം അറിയുക.***
* ***ആത്മീയചൈതന്യത്തെ അപഹരിക്കാൻ ഒരു ശക്തിക്കും ഇടംകൊടുക്കരുത്.***
* ***സാന്മാർഗിക പുണ്യങ്ങൾ അഭ്യസിക്കാൻ ശ്രദ്ധാലുക്കളാവുക.***
* ***നമ്മിലെ ദൈവിക ചൈതന്യത്തെ നിർവീര്യമാക്കരുത്.***

## ദൈവദാസൻ വില്യം ജക്വീന്താ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

# ജനിക്കട്ടെ വീണ്ടും

**സൗമ്യാ കാഞ്ഞിരക്കാട്ട്**

**പാ**തിരാക്കോഴി കൂവി. മറിയാമ്മച്ചേടത്തി അടുക്കളയിലെ പണിയെല്ലാം ഒതുക്കി കിടക്കാൻ പായ നിവർത്തിയിട്ടു. തമ്പുരാനോടു പരിഭവവും നന്ദിയും പറഞ്ഞ് ഉറക്കത്തിലേക്കു വഴുതിവീണു. പിറ്റേന്നു രാവിലെ കോഴിയുടെ ഉണർത്തു മണിയോടെ ചേട്ടത്തി നെറ്റിയിൽ കുരിശു വരച്ച് പായ എടുത്തു ചുരുട്ടിവച്ച് അടുക്കളയിലേക്ക് ഓടി, കെട്ട്യോനു വേണ്ടി പ്രഭാത ഭക്ഷണവും ജോലിക്കു പോകേണ്ടവർക്ക് ഉച്ചഭക്ഷണവും തയ്യാറാക്കി. മൂത്തമകനെ വിളിച്ച് കുളിവെള്ളം കുളിമുറിയിൽ വച്ചിട്ടുണ്ടെന്നു പറഞ്ഞശേഷം അപ്പനു പ്രാർത്ഥിക്കാനായി തിരി എടുത്തുകൊടുത്തു. പിന്നെ പശുവിനെ തീറ്റാനും മറ്റുമായി പുറത്തേക്ക് ഇറങ്ങി... ഇങ്ങനെ പോകുന്നു മറിയാമ്മച്ചേടത്തിയുടെ ജീവിതം.

പ്രിയപ്പെട്ടവരേ, നമുക്കൊന്നു ചിന്തിക്കാം. പരിശുദ്ധാത്മാവിന്റെ നിറവ് ശ്ലീഹന്മാരിൽ ആവസിച്ച് സഭയാകുന്ന പൂമൊട്ടു വിരിഞ്ഞ കാലമാണല്ലോ ശ്ലീഹാക്കാലം. പാരമ്പര്യവും വിശ്വാസവും നാം മറ്റുള്ളവർക്ക് കൈമാറുമ്പോൾ ഒന്നു പുറകോട്ടു ചിന്തിക്കാം, സഭയുടെ ഉത്ഭവം എങ്ങനെയാണെന്ന്. ഭയചകിതരായ ശ്ലീഹന്മാർ ആത്മാവിന്റെ ജ്വലനത്താൽ ശക്തിപ്രാപിച്ചു, സുവിശേഷം ലോകമെമ്പാടും പ്രഘോഷിച്ചു. തുടർന്നു സഭയാകുന്ന മടിത്തട്ടിൽ മാമ്മോദീസാ എന്ന വി. കുളിയിലൂടെ ആദിമ പാപത്തിന്റെ കറകൾ നീക്കിവെടിപ്പാക്കി നമ്മെ വിശുദ്ധീകൃതരാക്കുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ മക്കളായി നാം മാറുന്നു. അങ്ങനെ നിർമ്മലമായ ഹൃദയത്തോടെ പരിശുദ്ധാത്മാവിന്റെ ദാനഫലങ്ങൾ സ്വീകരിച്ച് നാം ഉജ്ജ്വലതേജസ്സോടെ സഭയുടെ മക്കളായി വളരുന്നു. ആദിമക്രൈസ്തവരെ നോക്കി മറ്റുള്ളവർ പറയുമായിരുന്നു: നോക്കൂ അവർ എത്രമാത്രം പരസ്പരം സ്നേഹിക്കുന്നുവെന്ന്. നമ്മുടെ സ്വന്തം മറിയാമ്മച്ചേടത്തിയും ഇതുതന്നെയാണ് ചെയ്യുന്നത്. അതായത് തന്റെ അനുദിന ജീവിതവ്യാപാരങ്ങളെല്ലാം ദൈവത്തോടു പറഞ്ഞ് ദൈവത്തെ സ്നേഹിക്കുന്നു. ശ്ലീഹന്മാരും ആദിമക്രൈസ്തവരും എല്ലാം ഈ പാതയാണ് തുടർന്നുപോന്നത്.

ഈ കോവിഡിനു ശേഷം നമ്മുടെ വി. കുർബാനയും വി. കുമ്പസാരവും സന്ധ്യാപ്രാർത്ഥനയുമൊക്കെ എത്രമാത്രം തീക്ഷ്ണതയോടെ നാം നിറവേറ്റുന്നുണ്ട്? തങ്ങൾ ചോര നീരാക്കി പടുത്തുയർത്തിയ സഭയുടെ ഇന്നത്തെ അവസ്ഥ കാണുമ്പോൾ ശ്ലീഹന്മാരുടെ കണ്ണുകൾ നനയുവാൻ നാം ഇടയാക്കരുത്. അതിനാൽ പരിശുദ്ധാത്മാവിന്റെ കൃപ യാചിച്ച് നന്മയിൽ വളരുവാനും ആദിമ ക്രൈസ്തവ സമൂഹത്തിന്റെ തീക്ഷ്ണതയോടെ പ്രാർത്ഥിക്കുവാനും നമുക്കു കഴിയണം. അങ്ങനെ ക്രൈസ്തവസമൂഹം ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി ത്തീരുവാൻ ഇടയാകട്ടെ.



# അക്കരപച്ച

ജിസ കുട്ടിയാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**"ഹൊ...** ഇതെന്തൊരു ബോറൻ ലൈഫ് ആണ്". കുഞ്ഞുനക്ഷത്രം നെടുവീർപ്പിട്ടു. എപ്പോഴും ഇങ്ങനെ മിന്നിക്കൊണ്ടിരിക്കണം. ആരും കാണാനുമില്ല... പറയാനുമില്ല. നിരാശയോടെ അവൻ ഭൂമിയിലേക്കു നോക്കി. അവിടെയതാ കണ്ണഞ്ചിപ്പിക്കുന്ന വൈദ്യുതദീപങ്ങളുടെ നീണ്ടനിര. "അതുപോലെ ആയിരുന്നുവെങ്കിൽ...". രണ്ടും കല്പിച്ച് കുഞ്ഞുനക്ഷത്രം ഭൂമിയിലേക്ക് യാത്രയായി. ചെറുതും വലുതുമായ പലനിറത്തിലുമുള്ള വൈദ്യുതദീപങ്ങൾ കണ്ട് കുഞ്ഞുനക്ഷത്രത്തിന്റെ കണ്ണുതള്ളി... അങ്ങനെ കാഴ്ചകണ്ടുനടക്കുമ്പോൾ അവിടെയതാ ഒരു കുഞ്ഞൻമെഴുകുതിരി നിന്ന് കത്തുന്നു. ഇത്രയും പ്രകാശമുള്ള വൈദ്യുതദീപങ്ങളുടെ ഇടയിൽ നിന്നു കത്താൻ ഇവനു നാണമില്ലേ? ഇവനെ ഒന്നു കളിയാക്കുക തന്നെ.... കുഞ്ഞുനക്ഷത്രം ചിന്തിച്ചു. "അല്ലയോ മെഴുകുതിരി... ഇത്രയും വലിയ പ്രകാശത്തിനു നടുവിൽ കത്തി നില്ക്കാൻ നിനക്ക് ലജ്ജയില്ലേ?" നക്ഷത്രത്തിന്റെ ചോദ്യത്തിനു മെഴുകുതിരി ഇപ്രകാരം മറുപടി പറഞ്ഞു: "എന്റെ വെളിച്ചം ചെറുതായിരിക്കാം പക്ഷേ ഞാൻ കത്തി നില്ക്കുന്നത് ദൈവസാന്നിധ്യത്തിനു മുമ്പിലാണ്". അപ്പോഴാണ് താൻ നില്ക്കുന്നത് ഒരു കപ്പേളയുടെ മുമ്പിലാണ് എന്ന് കുഞ്ഞുനക്ഷത്രത്തിനു മനസ്സിലായത്. മെഴുകുതിരി നല്കിയ മറുപടിയുടെ വലിയ ഉൾക്കാഴ്ചയോടെ കുഞ്ഞുനക്ഷത്രം തിരികെ യാത്രയായി. തന്നെ സൃഷ്ടിച്ച ദൈവതിരുമുമ്പിൽ തന്റെ കുഞ്ഞുവെട്ടം പ്രകാശിപ്പിക്കാൻ അവൻ തീരുമാനിച്ചു.

ആയിരിക്കുന്നതിൽ തൃപ്തിപ്പെടാതെ എപ്പോഴും മറ്റെന്തൊക്കെയോ ആയി തീരാനുള്ള വ്യഗ്രത മനുഷ്യസഹജമാണ്. താനായിരിക്കുന്നതിന്റെയും തനിക്കുള്ളതിന്റെയും വില മനസ്സിലാക്കാൻ പറ്റാത്തപ്പോഴാണ് അക്കരപ്പച്ചകൾ രൂപംകൊള്ളുക. ഈശോയുടെ ശിഷ്യന്മാരും മറിച്ചായിരുന്നില്ല. കൂടെയുള്ള ഗുരുസാന്നിധ്യം ഈ ലോകത്തിൽ മറ്റെന്തിനേക്കാളുമുപരിയാണെന്ന തിരിച്ചറിവിലേക്ക് വരാൻ അവർ ഏറെ വൈകി.

തങ്ങളുടെ ഇടയിൽതന്നെ വലിയവനാകാൻ യത്നിച്ചവരും, ഗുരു സിംഹാസനം സ്ഥാപിക്കുമ്പോൾ ഇടതും വലതുമുള്ള സ്ഥാനം ഉറപ്പിക്കാനാഗ്രഹിച്ചവരും, എതിരു നില്ക്കുന്നവരെയെല്ലാം വാളിനാലും അഗ്നിയാലും നശിപ്പിക്കാൻ ശ്രമിച്ചവരും ഒക്കെയായിരുന്നു കർത്താവിന്റെ ശിഷ്യന്മാർ. തങ്ങൾ ആയിരിക്കുന്നതിന്റെ മഹത്ത്വം മനസ്സിലാക്കാൻ സാധിക്കാത്ത സാധാരണ മനുഷ്യർ. തങ്ങൾ കണ്ടതും കേട്ടതും തൊട്ടനുഭവിച്ചതുമായ ജീവന്റെ വചനത്തെ (1 യോഹ 1,1) അനുഭവിച്ചറിഞ്ഞ നിമിഷംമുതൽ അവർ പുതിയ വ്യക്തികളായി. പരിശുദ്ധാത്മാവിന്റെ ദിവ്യപ്രകാശം അവരുടെ കണ്ണുകളെ തുറന്നപ്പോൾ, കൂടെ നടന്നതും എപ്പോഴും കൂടെയായിരുന്നതും പ്രാതൽ ഒരുക്കിയതും സൗഖ്യം തന്നതും ചേർത്തുപിടിച്ചതുമായ ദൈവസാന്നിധ്യത്തെ അവർ തിരിച്ചറിഞ്ഞു. അന്നുമുതൽ തങ്ങളുടെ അക്കരപ്പച്ചകളിൽ നിന്നും വിമുക്തരായി തിരുവചനത്തിന്റെ മരുപ്പച്ചകളിലേക്ക് അവർ ചേക്കേറുകയായിരുന്നു. അവിടെ അവരുടെ ചിന്തകൾ ഒന്നായി, വികാരങ്ങൾ ഒന്നായി, ഹൃദയങ്ങൾ ഒന്നായി... സുവിശേഷത്തിന് സാക്ഷ്യം വഹിക്കുക എന്ന ദിവ്യനാഥന്റെ ഉദ്ബോധനത്തിനു മുമ്പിൽ അവരുടെ കുറവുകൾ അപ്രത്യക്ഷമായി... ചപലതകൾ ഇല്ലാതായി... സുവിശേഷത്തിന്റെ വെളിച്ചവുമായി അന്നുവരെ ബലഹീനരും അജ്ഞരും ഭയചകിതരുമായിരുന്നവർ, ലോകത്തിന്റെ അതിർത്തികളിലേക്ക് യാത്രയായി.

അക്കരപ്പച്ചകളിൽ നിന്നു കരകയറാനുള്ള ദിവ്യപ്രബോധനം ശ്ലീഹാക്കാലം നമുക്കു തരുന്നുണ്ട്. മറ്റുള്ളവരെ നോക്കി നെടുവീർപ്പെടാതെ ആയിരിക്കുന്ന അവസ്ഥയിൽ സന്തോഷിക്കാനുള്ള പാഠം. വലിയ പാപഭാരത്തിൽ നിന്നും ഈശോ കൈപിടിച്ചുയർത്തിയവളായിരുന്നു മഗ്ദലനാ... തന്റെ പഴയ അവസ്ഥകളെക്കുറിച്ചുള്ള അപകർഷതാബോധമില്ലാതെ കല്ലറയ്ക്കുള്ളിൽ അടയ്ക്കപ്പെട്ട തന്റെ നാഥനെ തേടിയിറങ്ങിയവൾ. അന്നുവരെ കൂടെ നടന്ന ശിഷ്യപ്രമുഖർക്ക് കിട്ടാതിരുന്ന ദിവ്യദർശനത്താൽ അവിടുന്ന് അവളെ സമ്പന്നയാക്കി.

ആയിരിക്കുന്നതിൽ സന്തോഷിക്കാം നമുക്കും. ഇല്ലാത്തതിനെ ഓർത്ത് വിലപിച്ചാൽ നമുക്കുള്ളതുകൂടി നഷ്ടമായേക്കാം. വിധവയുടെ കൊച്ചുകാണിക്കയും വിലപിടിപ്പുള്ളതായി കണ്ട കർത്താവാണ് നമ്മുടെ ജീവിതത്തിനു മൂല്യം നല്കുന്നത്. അവിടുത്തെ തിരുമുമ്പിൽ നമ്മുടെ കുഞ്ഞുവെളിച്ചം പ്രകാശിപ്പിക്കാൻ പരിശുദ്ധാരൂപിയുടെ പ്രകാശം നമ്മെ സഹായിക്കട്ടെ.




## നിന്നെയും വിളിക്കുന്നു...

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**



# ആദ്യരുചി

**സാബി കോഴിക്കോട്**

**ചി**ങ്ങൻപറമ്പിലെ ചിന്നമ്മച്ചേടത്തി യമണ്ടനൊരു ബംഗ്ലാവിന്റെ 'കാവൽക്കാരി'യാണ്. ആർക്കും യാതൊരു ശല്യവുമുണ്ടാക്കാതെ അഞ്ചാറു കെടാമുട്ടന്മാർ ആൺമക്കളും മരുമക്കളും കൊച്ചുമക്കളുമൊക്കെയായി ആഢ്യതയിൽ കഴിയുന്ന അമ്മച്ചിയെ കാണുമ്പോൾ മറ്റ് അമ്മമാർ കൊതിയോടെ പറയും: "നോക്കെടീ, ആ ചിന്നമ്മ ഭാഗ്യമുള്ളവളാ; പണത്തിനു പണം, സൗന്ദര്യത്തിനു സൗന്ദര്യം, പ്രതാപത്തിനു പ്രതാപം, തുണയ്ക്കു മക്കളും".

അമ്മച്ചിയുടെ മനഃസാക്ഷി സൂക്ഷിപ്പുകാരി അങ്ങേതിലെ അച്ചാമ്മയാണ്. ഒരേ സ്കൂളിൽ പഠിച്ച്, ഒരേ നാട്ടിലേക്ക് കെട്ടിച്ചയച്ച ഈ കൂട്ടുകാരികൾ ഇടയ്ക്കൊക്കെ കൂടുന്നതും പരസ്പരം ഒന്നു മനസ്സു തുറക്കാനാണ്. ഇത്തവണ ആരുമില്ലാത്ത നേരം നോക്കി അച്ചാമ്മ വന്ന് ക്ഷേമം അന്വേഷിച്ചതും ചിന്നമ്മ പൊട്ടിക്കരഞ്ഞതും ഒരുമിച്ചായിരുന്നു.

"എന്താടീ, നിനക്കെന്തിന്റെ കുറവാ?" എന്ന അച്ചാമ്മയുടെ ചോദ്യത്തിന് ചിന്നമ്മ ഇപ്രകാരം മറുപടി കൊടുത്തു: "ശരിയാ... പുറമേനിന്നു നോക്കിയാൽ എനിക്കെന്തിന്റെ കുറവാ? എന്നാൽ ആർഭാടമായി പണിതീർത്ത പട്ടിക്കൂട്ടിൽവച്ച് ബിരിയാണി വിളമ്പിത്തരുന്നതിനെക്കാൾ എത്രയോ രുചികരമാണ് മറിഞ്ഞുവീഴാറായ മൺകുടിലിന്റെ ഇറയത്തുവച്ച് ഇത്തിരി പഴങ്കഞ്ഞിയും മുളകും ലഭിക്കുന്നത്? എന്റെ മക്കൾ എല്ലാം എനിക്കു തരും. ഒപ്പം 'കുത്തു

വാക്ക്' ഫ്രീയും. എന്തു ചെയ്യാനാ... മക്കൾക്ക് ഞാൻ ചെയ്യുന്നതൊന്നും പിടിക്കുന്നില്ല... അമ്മ യുടെ ഭക്ഷണത്തിന് ആദ്യത്തേതുപോലെ രുചിയില്ല, ക്ലീൻ ചെയ്താലോ മുമ്പത്തേതുപോലെ ഒട്ടും വൃത്തിയാകുന്നില്ല, തുണികളൊന്നും പഴയതുപോലെ അടുക്കിപ്പെറുക്കി വയ്ക്കുന്നില്ല, പണ്ടത്തേതുപോലെ എല്ലാം നോക്കിയും കണ്ടും ചെയ്യുന്നില്ല...".

എന്തൊക്കെപ്പറഞ്ഞാലും ചിന്നമ്മ രാവിലെ നാലുമണി മുതൽ വൈകിട്ട് ഒമ്പതുമണി വരെ പണിയോടു പണിയാണ്. കുറ്റം പറഞ്ഞാലും മക്കൾ നാലു നേരവും വെട്ടിവിഴുങ്ങുന്നത് ചിന്നമ്മയുണ്ടാക്കുന്ന ഭക്ഷണംതന്നെയാണുതാനും. അമ്മയുടെ എല്ലുകൾ തേഞ്ഞുതീരാറാ യത് മക്കൾ കാണുന്നില്ലേ ആവോ?

ഇതൊന്നും ചിങ്ങൻപറമ്പിലെമാത്രം ദുരവസ്ഥയല്ല. ചികഞ്ഞുനോക്കിയാൽ ചിലപ്പോൾ നമ്മുടെ വീടിന്റെ അകത്തളങ്ങളിലും ചില അമ്മമാരുടെ, ഭാര്യമാരുടെയൊക്കെ അടക്കിപ്പിടിച്ച തേങ്ങലുകൾ കേൾക്കാനാവും.

'ആദ്യരുചി' അതൊരു അനുഭവം തന്നെയാണെന്ന കാര്യത്തിൽ തർക്കമില്ല. അമ്മയുടെ ആദ്യസ്പർശം, ഇഷ്ടപ്പെട്ടവരുടെ ആദ്യനോട്ടം, ആദ്യസൗഹൃദം, ആദ്യപ്രണയം, ആദ്യസ്കൂൾ, ആദ്യപാഠം, ആദ്യസമ്മാനം... എന്നിങ്ങനെ ആദ്യമായി കിട്ടിയവയൊക്കെ നമ്മുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ മായാതെ നില്ക്കുമെന്നത് വാസ്തവമാണ്. അതോടൊപ്പം, ആദ്യവീഴ്ചകൾ, ആദ്യ തിരസ്കരണങ്ങൾ, ആദ്യമുറിവുകൾ എന്നിവയും ജീവിതത്തിന്റെ മാറാപ്പിലെവിടെയോ മറ ഞ്ഞുകിടക്കുമെന്നതും നിഷേധിക്കുന്നില്ല.

'ആദ്യരുചി' നമുക്കു നഷ്ടപ്പെട്ടത് എപ്പോഴാണ്? ആ വ്യക്തിയോടുള്ള നമ്മുടെ ആദ്യ സ്നേഹം നഷ്ടപ്പെട്ടപ്പോഴല്ലേ? കുഞ്ഞുനാളിൽ കുഞ്ഞിന് അമ്മയായിരുന്നു എല്ലാം. പിന്നീടോ? ആ സ്ഥാനത്തേക്ക് പലരും പലതും കൂട്ടിച്ചേർക്കപ്പെട്ടു. ഓരോ പുതുമയുടെയും 'ആദ്യരുചി' ഒന്നുമല്ലാതായി, പഴഞ്ചനായി. 'ഓൾഡ് ഈസ് ഗോൾഡ്' എന്ന സത്യം മനഃപൂർവം നാം മറ ക്കാൻ ശ്രമിക്കുന്നു.

ബന്ധങ്ങളുടെ കണ്ണികളെ എന്നും പുതുമയുള്ളതാക്കി നിലനിർത്താൻ ദൈവത്തിനേ കഴി യൂ. കാരണം അവനാണല്ലോ ബന്ധങ്ങളുടെ ആഴമറിഞ്ഞവൻ. മനുഷ്യബന്ധങ്ങളിൽ ഉലച്ചിലു ണ്ടാകുന്നതും ദൈവവുമായുള്ള ബന്ധത്തിന്റെ ഇഴയടുപ്പം നഷ്ടപ്പെടുമ്പോഴാണ്. സഹോദര ങ്ങളോട് കൂട്ടുകൂടാതെ എങ്ങനെ ദൈവത്തോട് കൂട്ടുണ്ടെന്ന് അവകാശപ്പെടാനാകും? വെളി പാടു പുസ്തകം രണ്ടാം അദ്ധ്യായം 4,5 തിരുവചനങ്ങളിലൂടെ അവിടുന്ന് ഇപ്രകാരം നമ്മെ ഓർമ്മിപ്പിക്കുന്നു: "എങ്കിലും നിനക്കെതിരേ എനിക്കൊന്നു പറയാനുണ്ട്; നിനക്ക് ആദ്യമുണ്ടാ യിരുന്ന സ്നേഹം നീ കൈവെടിഞ്ഞു. അതിനാൽ നീ ഏത് അവസ്ഥയിൽനിന്നാണ് അധഃപ തിച്ചതെന്ന് ചിന്തിക്കുക; അനുതപിച്ച് ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക".

നമുക്കു ദൈവത്തോടു ചേർന്നുനില്ക്കാം. അപ്പോൾ ദൈവവും ദൈവത്തിന്റെ പ്രിയപ്പെ ട്ടവരും നമ്മോടും ചേർന്നുനില്ക്കും. നമുക്കു ലഭിക്കുന്ന സ്നേഹത്തിന്റെ അളവിലുള്ള കൂട്ടി ക്കിഴിക്കലുകളൊക്കെ നമുക്കു കാറ്റിൽ പറത്താം. നമ്മുടെ സ്വഭാവപ്രത്യേകതകളാകുന്ന അഗ്നി കൊണ്ട് അപരനു ലഭിക്കേണ്ട ആദ്യസ്നേഹത്തിന്റെ ഉറവകളെ വറ്റിച്ചു കളയാതിരിക്കാം. ഇത്തിരി മാത്രമുള്ള ഈ ജീവിതത്തിൽ സഹജീവികളോട് എത്രയും അടുത്തുനിന്നാൽ അത്രയും നന്ന്. പിന്നീട് ഒരു നാൾ സ്നേഹം കൊടുക്കാമെന്നു കരുതിയാൽ ഒരുപക്ഷേ അപ്പോഴേയ്ക്കും അവർ നമ്മെവിട്ട് പറന്നുപോയെന്നിരിക്കും. 'ഇന്ന്' നമ്മുടേതാണ്. അതു നമുക്ക് സ്നേഹത്തിന്റെ ആഘോഷമാക്കാം.

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



ജെസ്മി A.O.

**ഒന്നാം ദിവ്യരഹസ്യം:**

ശ്ലീഹന്മാരുടെമേൽ ആവസിച്ച പരിശുദ്ധാത്മാവു വഴി ലോകം മുഴുവൻ വചനം പ്രഘോഷിക്കുവാൻ ശക്തി പകർന്ന പരിശുദ്ധ അമ്മേ, ഞങ്ങളുടെ ജീവിതവും നല്ല പ്രഘോഷണമാകുവാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:**

പരിശുദ്ധാത്മാവിന്റെ ആവാസത്താൽ മിശിഹായുടെ ശിരസ്സായ സഭയ്ക്ക് അടിസ്ഥാനമിട്ട ശ്ലീഹന്മാരെപ്പോലെ അവയവങ്ങളായ ഓരോ അംഗവും സഭയോടു ചേർന്നുനിന്നുകൊണ്ട് പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾക്കനുസൃതമായ ജീവിതം നയിക്കുവാനുള്ള കൃപയ്ക്കായി പരിശുദ്ധ അമ്മേ പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:**

പന്തക്കുസ്താനാളിൽ തീനാവുകളുടെ രൂപത്തിൽ അരൂപിയുടെ ശക്തി നിർഗളിച്ചതുപോലെ ഓരോ കൂദാശകളിലൂടെയും നൽകപ്പെടുന്ന വരദാനഫലങ്ങളെ ഏറ്റവും യോഗ്യതയോടെ സ്വീകരിക്കുവാനുള്ള കൃപയ്ക്കായി പരിശുദ്ധ അമ്മേ പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:**

പരിശുദ്ധ അമ്മേ, ജീവിതത്തിന്റെ ഓരോ നിമിഷവും പരിശുദ്ധാത്മാവിന്റെ നിമന്ത്രണങ്ങൾക്കു സ്വയം വിട്ടുകൊടുക്കുവാനുള്ള കൃപയ്ക്കായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:**

കൃപയുടെ നിറകുടമായി, പരിശുദ്ധിയുടെ പര്യായമായി നിലകൊണ്ട പരിശുദ്ധ അമ്മേ, അരൂപിയാൽ നിറഞ്ഞ് വിശ്വാസത്തിൽ വേരൂന്നിയ ജീവിതത്തിലൂടെ ലോകത്തിനു മുഴുവൻ വിശുദ്ധിയുടെ മാതൃകകളായി തീരുവാനുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

“നമുക്ക് അനുരഞ്ജിതരായി, ഉന്നതത്തിൽനിന്ന്
ആത്മാവിനെ നമ്മുടെമേൽ വിളിച്ചിറക്കാം.
അവനെ നമ്മുടെ ഉള്ളുമായി കൂട്ടിക്കലർത്താം.
ആത്മാവിന്റെ ചിറകുകൾ സ്വർഗീയമത്രേ.
അതുപയോഗിച്ച് അവൻ തന്റെ സ്ഥാനത്തേക്ക്
തിരികെപോകുമ്പോൾ, നമുക്ക് എത്തിപ്പിടിക്കാനും
അളക്കാനും കഴിയാത്ത ഉന്നതത്തിൽ
എത്തിച്ചേരാൻ നമുക്കിടയാകട്ടെ.
തന്നിലൂടെ നാം ഉന്നതത്തിലേക്ക് കയറാൻ
സാധിക്കുന്നതിന് താഴേയ്ക്കിറങ്ങി വന്നവൻ
വാഴ്ത്തപ്പെട്ടവനാകുന്നു”.

(മാർ അപ്രേം സഭാഗീതങ്ങൾ)





PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th May 2022

Registered: KL/KTM/72/2021-23
Licence No:KL/CR/KTM/WPP-14/2021-23
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"കർത്താവായ ദൈവമേ, ഈശോയുടെ തിരുനാമത്തെപ്രതി
ക്ലേശങ്ങൾ സഹിക്കുന്നതിൽ സന്തോഷം കണ്ടെത്തുവാൻ
തക്കവിധം ശ്ലീഹന്മാരിൽ ആന്തരികപരിവർത്തനം വരുത്തിയ
പരിശുദ്ധാത്മാവിനെ ഞങ്ങളുടെ പക്കലേയ്ക്കും അയയ്ക്കണമേ.
അങ്ങനെ ഞങ്ങളും നിന്നെപ്രതി സഹിക്കേണ്ടി വരുന്ന
ക്ലേശങ്ങൾ ക്ഷമയോടെ സഹിക്കുവാൻ ശക്തരാകട്ടെ".

(ശ്ലീഹാക്കാലം, ചൊവ്വ-റംശാ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph:0481- 2578192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal